

# മലങ്കരസഭ

## മാസിക

1988 ഡിസംബർ
ലക്കം 12 പുസ്തകം 43



പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ
പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ
ഓർമ്മ ഡിസംബർ 8 ദേവലോകം അരമന

*Inserted by:*
Rev. Fr. John Mathew & Family
N. J., U. S. A.



# മലങ്കരസഭ

10-12-1988


## ഈ ലക്കത്തിൽ


ക്രിസ്തുമസ്: എഡിറേറാറിയൽ
ധ്യാനപംക്തി
എപ്പോഴാണ് സന്തോഷിക്കേണ്ടത്? കരയേണ്ടത്?
ബസ്ക്യാമ്മമാരും കുടുംബജീവിതവും
ഈ വിളി കേൾക്കുമോ?
സഖായി
മലങ്കര നസ്രാണികളും മലയാള സാഹിത്യവും
സംശയങ്ങൾ ചോദിക്കുക
അവങ്കലേക്ക് നോക്കിയവർ ....
യേശുനാഥന്റെ പൂന്തോട്ടം
'തിഗ്രീസിലെ കാതോലിക്കാ'
ഹോരോലോവിന്റെയടുക്കൽ മടങ്ങിപ്പോകരുത്
മലങ്കരസഭയ്ക്ക് അമേരിക്ക....
സഭാവാർത്തകൾ
ബൈബിൾപഠനം



EDITORIAL BOARD

H. G. Mathews Mar Barnabas Metropolitan (President)
H. G. Philipose Mar Eusebios Episcopa (Vice President)
Rev. Dr. Jacob Kurian (Chief Editor)
Rev. Dr. V. C. Samuel
Rev. Fr. T. J. Joshua
Prof. C. J. Mannummood
Prof. O. P. Kurian
Prof. T. T. Kuriakose
Mr. O. A. Mathew
Mr. Abraham Zacharia, Chempakamadom
Rev. Fr. T. G. Zacharia (Manager)


### എഡിറേറാറിയൽ

# ആർക്കും അന്യനല്ലാത്ത ദൈവം; അതാണ് ക്രിസ്തുമസ്

ചെഞ്ചുണ്ടിൽ പുഞ്ചിരി നിറഞ്ഞ പൊന്നോമന മുഖം. കണ്ണിനും കരളിനും കുളിരേകുന്ന തളിരിളം മേനി. മുത്തം വാങ്ങുവാൻ നൃത്തം വയ്ക്കുന്ന കുഞ്ഞിക്കൈകാലുകൾ—ആ ശിശു ദൈവം തന്നെയെന്നറിയുമ്പോൾ ആരാധകർ കൂടും. അതുകൊണ്ടുതന്നെ, ക്രിസ്തുമസിന്റെ ആഘോഷത്തിന് വർണ്ണക്കൊഴുപ്പ് ഏറിക്കൊണ്ടിരിക്കുന്നു. പക്ഷേ, ഒരു കാര്യം. ഒരു ശിശുവിനെ സ്നേഹിക്കുന്നവരും ഓമനിക്കുന്നവരും ആഗ്രഹിക്കും. അവൻ, അവൾ, വേഗം വളരണം എന്ന്. എന്നാൽ യേശുക്കുഞ്ഞ് വളരുവാൻ വളർന്ന് നമ്മോടുള്ള ദൗത്യം നിറവേററുവാൻ നമുക്കാഗ്രഹമില്ലാത്തതുപോലെ തോന്നും പല ക്രിസ്തുമസ് ആഘോഷങ്ങളും കാണുമ്പോൾ. അവൻ വളർന്നാൽ നമ്മുടെ മുഖത്തുനോക്കി ചിലതു പറഞ്ഞെന്നു വരും. അവൻ ദൗത്യം നിറവേററുമ്പോൾ നമ്മുടെ ജീവിത—ദേവാലയത്തിലെ കള്ളക്കച്ചവടക്കാരെ പുറത്താക്കിയെന്നു വരും. അതുകൊണ്ട് ആത്മാർത്ഥമായി പരിശോധിക്കൂ, അവൻ വളരുവാൻ നമുക്ക് ആഗ്രഹമുണ്ടോയെന്ന്. അതോ അവനെ എന്നും, നമ്മുടെ കൈക്കൂലി—സമ്മാനങ്ങൾ കൊടുത്ത് ശിശുവായി നിർബന്ധിച്ചുവച്ചുകൊണ്ടിരിക്കുവാനാണോ നാം ആഗ്രഹിക്കുന്നത്?

യേശുമിശിഹാ, ശിശുവായി ജനിച്ചതും, ജ്ഞാനത്തിലും കൃപയിലും വളർന്നതും, സത്യത്തിനുവേണ്ടി മരിച്ചതും, നീതിക്കുവേണ്ടി ഉയിർത്തതും, ഒരു കാര്യം വ്യക്തമാക്കുവാനായിരുന്നു. 'ദൈവം ആർക്കും അന്യനല്ല, ദൈവത്തിന് ആരും അന്യരല്ല', അതാണ് 'ഇമ്മാനുവേൽ' എന്ന നാമം സൂചിപ്പിക്കുന്നത്. അതുകൊണ്ട് ദൈവത്തെ നാം അന്യനാക്കുന്നിടത്തും, ദൈവത്തിന് നാം അന്യരാകുന്നിടത്തും എന്തു ക്രിസ്തുമസ്

ധ്യാന
പംക്തി

# ബർകുറിയാ

(ഒരു പുതിയ ധ്യാനപംക്തി ഇതാ ആരംഭിക്കുന്നു. ധ്യാനചിന്തയിൽ ഒരു പുതിയ സമീപനം ശ്രദ്ധേയമാണ്. പ.)

'അവൻ എന്റെ അരികെകൂടി കടക്കുന്നു. ഞാൻ അവനെ കാണുന്നില്ല; അവൻ കടന്നുപോകുന്നു; ഞാൻ അവനെ അറിയുന്നതുമില്ല'. (ഇയ്യോബ്. 9: 11).

നൂററാണ്ടുകൾക്കു മുമ്പ് കഠിനശോധനകളുടെ മദ്ധ്യത്തിൽ നീതിമാനായ ഇയ്യോബിന്റെ നാവിൽനിന്ന് അടർന്നുവീണ ഈ വാക്കുകൾ, ധ്യാനത്തിനുള്ള വകകൾ സമ്മാനിച്ചുകൊണ്ട് ഇന്നും പ്രസക്തമായി നിലകൊള്ളുന്നു. അനേകർ അയവിറക്കി ജീവരക്തവും മേദസ്സുമായി മാററിയ ആ നിത്യസത്യം, ഇരുപതാം നൂററാണ്ടിൽ ജീവിതയാത്ര തുടരുന്ന നമുക്കും, അല്പവിശ്വാസികളായിരുന്ന ക്രിസ്തുവിന്റെ ശിഷ്യന്മാർക്കും, ദുഷ്ടനായ ഹേരോദാവിനും, നീതിമാന്മാരായ യൗസേഫിനും, ഇയ്യോബിനും, വിവിധ തരത്തിൽ അനുഭവപ്പെട്ടത്, യേശുവിന്റെ കണ്ണുകളിൽകൂടെ പുന:പരിശോധന ചെയ്യാനുള്ള ഒരു എളിയ സംരംഭമാണീ ധ്യാനപംക്തി. അതു നമ്മുടെ വിശ്വാസവും, പ്രത്യാശയും, സ്നേഹവും വർദ്ധിപ്പിക്കുന്നുവെങ്കിൽ, അതാണ് ഈ ധ്യാനപംക്തിയുടെ ലക്ഷ്യം.

എന്റെ അരികെകൂടി കടന്നുപോകുന്ന അരൂപിയായ ദൈവം, അജ്ഞാതനായി, അദൃശ്യനായി പഴയനിയമകാലത്ത് ഇയ്യോബിനെ വ്യക്തിപരമായി സന്ദർശിച്ചശേഷം അദൃശ്യനായ ദൈവത്തിന്റെ പ്രതിമയായി അവതരിച്ച യേശു ശരീരിയായിതന്നെ എമ്മവുസിലേക്കു പോയ ശിഷ്യന്മാരുടെകൂടെ നടന്നശേഷം, ഇന്ന് അരൂപിയായ പരിശുദ്ധാത്മാവായി എന്നിൽ വസിക്കുന്നതും ഈ തലമുറയിലുള്ള എല്ലാവരുടേയും അടുത്തുകൂടി കടന്നുപോകുന്നതും ഞാനറിയാത്തതും കാണാത്തതും എന്തുകൊണ്ടാണ്? ഞാൻ എന്നെതന്നെ അറിയുന്നതിനും, എന്നിൽ ഉറങ്ങുന്ന ദൈവത്തെ ഉണർത്തുന്നതിനും എന്റെ അരികെകൂടി കടന്നുപോകുന്ന ദൈവത്തെ തിരിച്ചറിയുന്നതിനുമുള്ള ദൈവത്തിന്റെ താഴേട്ടുള്ള നീക്കങ്ങളെ തിരിച്ചറിഞ്ഞ്, എന്റെ മുകളിലേക്കുള്ള അന്വേഷണനീക്കങ്ങളെ വ്യക്തിപരമായ ഒരു കണ്ടുമുട്ടലിന്റെ അനുഭവത്തിലെത്തിച്ചേർക്കുന്ന ഒരു വേദിയാണ് ഈ ധ്യാനപംക്തി സജ്ജീകരിക്കുന്ന നമ്മുടെ ധ്യാനപീഠം.

തേൻവരിക്കയിലും കുഴയുടെ കുരു നുഴഞ്ഞുകയറുന്നതുപോലെ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട ആദാമിലും ഹവ്വായിലും അവരുടെ അനുസരണക്കേടുമൂലം അവരുടെ വികസിച്ച ഹൃദയപുഷ്പങ്ങളിൽ ജഡമോഹത്തിന്റെയും കൺമോഹത്തിന്റെയും, ജീവനത്തിന്റെ പ്രതാപത്തിന്റെയും, വിഷപൂമ്പൊടികൾ നിക്ഷേപിക്കുവാൻ, പാപപാമ്പിന്റെ ശ്വാസം ഇളക്കിയ കാററിനു കഴിഞ്ഞെങ്കിൽ പാപികളായി പിറന്ന ആദാമിന്റെ മക്കളായ ലോകച്ചെടികളെ സ്വർഗ്ഗീയ ചെടികളാക്കാൻ വിശുദ്ധ സഭയാകുന്ന തോട്ടത്തിൽ യേശുവിന്റെ മുളയെ ഒട്ടിച്ചുചേർക്കുന്ന ശിശുസ്നാനകർമ്മത്തിനുശേഷം യേശുവിൽ തന്നെ വേരൂന്നി ആത്മഫലങ്ങൾ പുറപ്പെടുവിക്കുവാൻ ദൈവത്തോടൊത്ത് കൂട്ടുകൃഷി നടത്തുന്ന സമാമക്കൾ, ജീവപ്രദമായ വെള്ളവും വളവും ഉൾക്കൊള്ളുന്ന യേശുവിന്റെ തേൻമൊഴികൾ കേട്ട് വളരുവാൻ ആഗ്രഹിക്കുന്ന ആ ത്രിയേക ദൈവത്തെ സ്തുതിക്കാം.

ആശ്വാസപ്രദമായ രീതിയിൽ സത്യ വെളിപ്പെടുത്തിനു കളമൊരുക്കിയ നീതി തിങ്ങിയ യൗസേഫിന്റെ മനോഭാവത്തിന്റെ പിന്നിലെ വിശ്വാസം പ്രത്യാശയായി സ്നേഹത്തിന്റെ സുഗന്ധം പരത്തിയ ആ സംഭവം; (മത്താ. 1:20) മറുവഴിയായി സ്വദേശത്തേക്കു തിരിച്ചുപോകാൻ ധൈര്യപ്പെട്ട വിദ്വാന്മാരെ നിയന്ത്രിച്ച ദിവ്യദർശനം; (മത്താ. 2:12) ഇവയെല്ലാം ഈ വർഷത്തെ ക്രിസ്തുമസ് രാത്രിയെ അയവിറക്കുന്ന ഈ ധ്യാനത്തിന് വകനൽകിയിരിക്കുന്ന പരിശുദ്ധാത്മാവിനെ വന്ദിക്കാം.

യേശുവിന്റെ ജനനവും പ്രവചനനിവർത്തിയായി നിഗൂഢ മർമ്മങ്ങൾ നിറഞ്ഞതാണല്ലോ. എമ്മവുസിലേക്കു പോയ ശിഷ്യന്മാരുടെകൂടെ നടന്ന്, സംസാരിച്ച് അവരുടെ കണ്ണും കരളും കുളിർപ്പിച്ച യേശു തന്റെ ജനനം മുതൽ മറഞ്ഞുകിടന്ന മനുഷ്യ ജീവിതവിജയത്തിന്റെ രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന ദിവ്യമർമ്മങ്ങൾ വെളിപ്പെടുത്തി നമ്മോടു ഹൃദ്യമായി സംസാരിച്ചു കൂടെ നടക്കാൻ ഈ ധ്യാനപംക്തിയിൽ അജ്ഞാതനായ ഒരു ബർകുറിയായെ ഉപയോഗിക്കുന്ന യേശുവിനു സ്തോത്രഗീതം പാടിക്കൊണ്ട് നമ്മുടെ ധ്യാനപീഠത്തിൽ ഇരുന്ന് ധ്യാനം ആരംഭിക്കാം.

ആദാമിന്റെ മൂക്കിൽ ജീവശ്വാസം ഊതിയ ദൈവത്തെ ധ്യാനിച്ചുകൊണ്ട് നമ്മുടെ ശ്വാസകോശങ്ങളിൽ നിറയെ ശ്വാസം വലിച്ചുകയററി നിറക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പരിശുദ്ധാത്മനിറവിന്റെയും ആത്മഹരലാല്പര്യത്തിന്റെയും ആവശ്യബോധത്തോടെ ശാന്തമായി ശ്വാസോച്ഛ്വാസങ്ങൾ തുടർന്ന് ധ്യാനം ആരംഭിക്കാം.

സ്തോത്രം സ്തോത്രം കർത്താവേ.........,

ഹൃദയവാതുക്കൽ മുട്ടുന്ന പ്രിയ ആത്മമണവാളനായ യേശുവിന്റെ മൃദുസ്വരം ശ്രദ്ധിച്ചു കേൾക്കാം.

ആശ്വാസം കൊതിക്കുന്ന ജീവിതയാത്രക്കാരാ ഹൃദയത്തിന്റെ സ്നേഹത്തിനുവേണ്ടിയുള്ള ദാഹം ശമിപ്പിക്കുവാൻ സ്നേഹമായ എനിക്കു മാത്രമെ സാധിക്കുകയുള്ളു. വിജയസംരക്ഷണബോധത്തിൽ വിശ്രമിക്കാൻ വെമ്പൽകൊള്ളുന്ന നിന്റെ ഹൃദയത്തിൽ സകലത്തിന്മേലും അധികാരമുള്ള ജയിച്ചവനായ എനിക്കു മാത്രമെ മുദ്ര നൽകാൻ കരുത്തുള്ളു. അംഗീകാരബോധത്തിൽ തലയുയർത്തുവാൻ കൊതിക്കുന്ന നിന്നെ പേരു ചൊല്ലി വിളിക്കുന്ന എന്റെ ശബ്ദം കേൾക്കാൻ നീ കാത്തിരിക്കുമോ?

നൂററാണ്ടുകൾക്കു മുമ്പ് ഇയ്യോബിനോട് സംസാരിച്ച ഞാൻ തന്നെയാണ് ഗബ്രിയേലിൽകൂടെ കന്യകമറിയാമിനോടും യൗസേഫിനോടും സംസാരിച്ചത്. ഇന്നു നിങ്ങളുടെകൂടെ ഇരിക്കുന്നതും നടക്കുന്നതും ഞാൻതന്നെ (മത്താ 28:20). മലങ്കരസഭയിലെ ധ്യാനപംക്തിയിൽ കൂടെ ഞാൻ സംസാരിക്കുവാൻ ബദ്ധപ്പെടുകയാണ്. ബർ കുറിയായുടെ സ്വരവും ഭാവവും കലർന്ന് എന്റെ ശബ്ദം അരോചകമാകാതിരിക്കാൻ നിങ്ങളും നിരന്തരം പ്രാർത്ഥിക്കണമെന്ന് ആദ്യമേ ഓർപ്പിക്കട്ടെ. ഈ ബർ കുറിയാ ജീവിതയാത്രക്കാരുടെ പ്രതിനിധിയായി എന്നോടു ചോദിക്കു

ആഘോഷിച്ചാലും, കരോൾ ഗീതങ്ങൾ ആത്മാവിൽ ശോകപ്രതിധ്വനിയെ നൽകൂ; കേക്കുകൾ മന:സമക്ഷിയിൽ കൈപ്പേ ഏകൂ; പൂത്തിരികൾ ധാർമ്മികതന്തരീക്ഷത്തിൽ പതിരാകേറുപ്പേ നല്കൂ; ക്രിസ്തുമസ് വിളക്കുകൾ ഘോരവനത്തിലെ മിന്നാമിനുങ്ങുകളെ ആകൂ; പുൽക്കൂടുകൾ നിരപരാധികളുടെ പ്രേതഗൃഹങ്ങളേ ആകൂ. അതിനെ പരിവാദം ആകട്ടെ ഇനിയും നമ്മുടെ ക്രിസ്തുമസ് ആചരണം. അതിന്റെ മാററുരയ്ക്കുന്ന രണ്ടു കാര്യങ്ങൾ മാത്രം നിർദ്ദേശിക്കട്ടെ.

നമുക്ക് ദൈവം അന്യനല്ലായെന്നതും, നാം ദൈവത്തിന് അന്യരല്ലായെന്നതും. വാസ്തവമെങ്കിൽ, 'മദ്യത്തിന് നാം അന്യരായേ പററു'. മദ്യം ആണ് ഇന്ന് എല്ലാ അന്യവത്ക്കരണത്തിന്റെയും ഒരു പ്രധാന മുഖാന്തിരം. ലോകത്ത് മദ്യവും മയക്കുമരുന്നുകളും വിതയ്ക്കുന്ന വിനയ്ക്കെതിരെ, പരസ്യമായി സംഘടിച്ച് പ്രതികരിയ്ക്കുവാൻ സമയം വൈകിയിരിക്കുന്നു. അതിനെ വില്ലർപടത്തെയോ, അഴിമാവലെയോ മാത്രം കാര്യമാക്കാതെ, മന്മഥൻ സാറിന്റെയോ കുമാരപിള്ള സാറിന്റെയോ കാര്യമാക്കാതെ യുവജനങ്ങളും, സ്ത്രീകളും, സമൂഹം മുഴുവനും സ്വന്തം കാര്യമായി പരിഗണിക്കണം.

നമുക്ക് ദൈവം അന്യനല്ലായെന്നതും, നാം ദൈവത്തിന് അന്യരല്ലായെന്നതും വാസ്തവമെങ്കിൽ "അവശ" (?) ക്രൈസ്തവർ ഇനിയുമെങ്കിലും നമുക്ക് സഹോദരങ്ങളായേ പററു. സർക്കാർ അവരോട് നീതി കാട്ടണം എന്നു പറയുവാനും ഒപ്പുശേഖരിക്കുവാനും ശ്രമിക്കുന്നതോടൊപ്പം നാം തന്നെ നമ്മുടെ സമൂഹത്തിൽ അവരോട് നീതി കാട്ടുന്നുണ്ടോ എന്നു ചോദിക്കയും ചെയ്യണം. സർക്കാർ കാട്ടേണ്ട നീതി ഭരണഘടനാപരമായ ബാധ്യതയുടെ അടിസ്ഥാനത്തിലാണ്. നാം നമ്മുടെ സഹോദരങ്ങളായ 'അവശ' ക്രൈസ്തവരോട് കാട്ടേണ്ട നീതി ആത്മികവും ധാർമ്മികവുമായ ബാധ്യതയുടെ അടിസ്ഥാനത്തിലാണ്. ഈ രണ്ടാമത്തെ നീതി നിഷേധിയ്ക്കുമ്പോഴാണ് യഥാർത്ഥത്തിൽ 'അവശത' ഏറുന്നത്.

**മലങ്കരസഭയുടെ എല്ലാ സുഹൃത്തുക്കൾക്കും അർത്ഥവത്തായ അന്യവത്ക്കരിക്കപ്പെടാത്ത ക്രിസ്തുമസ് ആശംസകൾ**

ജെ. കെ,

യ്ക്കാക്കുമെന്നും (റോമ. 8.28, എബ്രാ. 5.8) നാം സ്മരിക്കണം. കഷ്ടത നമ്മെ വിനയവും സഹതാപവുമുള്ളവരാക്കുന്നതിനാൽ ഇഹത്തിലും നിത്യതയിലും കഷ്ടത നമുക്ക് പ്രയോജനകരമാണെന്നും നാം നമ്മെത്തന്നെ ഓർമ്മിപ്പിക്കണം. 'ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു. അവൻ എന്റെ വലത്തു ഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപോകയില്ല' എന്ന് സങ്കീർത്തനക്കാരനും 'അവൻ നിങ്ങൾക്ക് വേണ്ടികരുതുന്നതാകയാൽ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ' (1. പത്രോ 5:7) എന്ന് വി. പത്രോസും പറയന്നു. ഒരു സ്നേഹമുള്ള പിതാവിനെപോലെയോ, മാതാവിനെപോലെയോ, നല്ല ഇടയനെപോലെയോ, ദൈവത്തെ കാണുവാനും ബന്ധപ്പെടുവാനും നമുക്ക് സാധിക്കണം.

ഈ ലോകത്തിൽ എന്തെല്ലാം സഹിക്കേണ്ടിവന്നാലും പരലോകത്തിൽ നമ്മെ ദൈവം ആശ്വസിപ്പിക്കുമെന്ന സത്യവും നാം ഓർത്തിരിക്കണം. (വി. യോഹ. 14.1–3, 1.കൊരി. 2.9) ധനവാന്റെ പടിക്കൽ കിടക്കുന്ന ലാസറും (വി. ലൂക്കോ. 16. 22) വി. യോഹന്നാൻ ശ്ലീഹ തന്റെ ദർശനത്തിൽ കണ്ട ആത്മാക്കളും (വെളി.7.9–17) ഈ സത്യം ഉറപ്പിക്കുന്നു.

## IV ആത്മീയസന്തോഷത്തിനുള്ള മാർഗ്ഗങ്ങൾ

### A. ഗിരിപ്രഭാഷണത്തിലെ 8 ഭാഗ്യങ്ങൾ

കർത്താവു തന്റെ ഗിരിപ്രഭാഷണത്തിൽ 8 ഭാഗ്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അവ സന്തോഷത്തിലേക്കുള്ള മാർഗ്ഗങ്ങളാണ്. 1) ആത്മാവിലുള്ള ദാരിദ്ര്യം, 2) ദുഃഖം, 3) സൗമ്യത, 4) നീതിക്കുള്ള വിശപ്പും ദാഹവും, 5) കരുണ, 6) ഹൃദയവിശുദ്ധി, 7) സമാധാനം ഉണ്ടാക്കുന്നതിനുള്ള പരിശ്രമം, 8) നീതിനിമിത്തമുണ്ടാകുന്ന പീഡ ഇവയുള്ളവർ ഭാഗ്യവാന്മാരാണെന്നും സ്വർഗ്ഗരാജ്യം അവർക്കുള്ളതാണെന്നും കർത്താവ് പറയുന്നു. 'എന്റെ നിമിത്തം നിങ്ങളെ പഴിക്കുകയും, ഉപദ്രവിക്കുകയും, നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ, നിങ്ങൾ ഭാഗ്യവാന്മാർ, സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ. നിങ്ങൾക്ക് മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരേയും, അവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ.' (വി. മത്താ. 5;11,12) എന്നും കർത്താവ് തുടർന്നു പറയുന്നു.

### 1. ആത്മാവിലുള്ള ദാരിദ്ര്യം

ദൈവമാണ് സർവ നന്മകളുടെയും ഉറവിടമെന്നും (അപ്പോ. 17.25, 1 ദിന. 29.11,12) തന്നെ പിരിഞ്ഞ് നമുക്ക് ഒന്നും സാദ്ധ്യമല്ലെന്നും (വി. യോഹ. 15.5) തന്നിൽ കൂടി സകലവും സാദ്ധ്യമാണെന്നും (ഫിലി. 4.13) ഉള്ള ബോധ്യവും, അതിൽ നിന്നുളവാകുന്നു ദൈവത്തോടുള്ള നന്ദിയും, ദൈവാശ്രയവും തന്റെ മക്കളായ മനുഷ്യരോടുള്ള സ്നേഹവും, ബഹുമാനവും ആണ്, ആത്മാവിലുള്ള ദാരിദ്ര്യം. ഇതുമൂലം മററുള്ളവർ നമ്മെ സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും ഇടയാകുന്നു. സ്വർഗ്ഗീയ സന്തോഷം ഇങ്ങനെയുള്ളവർക്ക് ലഭിക്കുന്നു. നാം ഈ സന്തോഷം മററുള്ളവർക്ക് നൽകുകയും ചെയ്യുന്നു.

### 2. ദുഃഖം

യഥാർത്ഥമായ പാപദുഃഖം പുതിയ ജീവിതത്തിന് വഴിയൊരുക്കുന്നു. വിശുദ്ധിയിലേക്കും വിനയത്തിലേക്കും പാപദുഃഖം നമ്മെ വഴി നടത്തുന്നു. അങ്ങനെ ആത്മീയ സന്തോഷത്തിൽ എത്തിച്ചേരുന്നതിന് പാപദുഃഖം നമ്മെ സഹായിക്കുന്നു.

### 3. സൗമ്യത

മററുള്ളവരുമായി താദാത്മ്യം പ്രാപിക്കുന്നതിന്റെ ഫലമായി, കോപത്തെ നിഗ്രഹിക്കുന്നതിനും, സഹതപിക്കുന്നതിനും സാധിക്കുന്നു. തന്മൂലം ഇങ്ങനെയുള്ളവർക്ക് ഉള്ളിൽ മനസ്സമാധാനവും ഉണ്ടാവുകയും അവർ മററുള്ളവരുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുകയും ചെയ്യും. നമ്മുടെ സൗമ്യത മററുള്ളവർക്ക് എത്രമാത്രം ആശ്വാസവും സന്തോസവും കൊടുക്കുമെന്ന് ചിന്തിക്കുക.

### 4. നീതിക്കായുള്ള വിശപ്പും ദാഹവും

മററുള്ളവർക്ക് നീതിലഭിക്കുന്നതിനായി, വിശപ്പും ദാഹവും പോലെ ആഗ്രഹിക്കുന്നവർക്ക്, അവരെ ആത്മാർത്ഥമായി സഹായിക്കുന്നതിനും, അവരുടെ ഉയർച്ചയിൽ അവരോടുകൂടെ സന്തോഷിക്കുന്നതിനും സാധിക്കും. അപ്പോൾ മററുള്ളവർക്ക് നമ്മോടുണ്ടാകുന്ന സ്നേഹത്തിന് അതിരില്ല.

### 5. കരുണ

കരുണയുള്ളവർ മററുള്ളവരുടെ കഷ്ടതകൾ സ്വയം ഏറെറടുക്കുകയും, അവരെ ആശ്വസിപ്പി



# ബസ്ക്യാമ്മമാരും കുടുംബജീവിതവും (ii)

ആനി ജോർജ്ജ് പനയ്ക്കാമററം, നിരണം

പട്ടക്കാരുടെ ഭാര്യമാർ-വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും മാതൃക കാട്ടേണ്ടതുണ്ട്. വിശുദ്ധിയുടെ പാത മാത്രമേ അവരുടെ മുൻപിൽ ഉണ്ടാകാൻ പാടുള്ളു. കുടുംബ കാര്യത്തിൽ മാത്രമല്ല, ഇടവകയ്ക്കുവേണ്ടിയും ദൈവജനത്തിനുവേണ്ടിയും പ്രവർത്തിക്കുവാൻ കൂടി അവർ പ്രതിജ്ഞാബദ്ധരാകണം എന്നും മററും കഴിഞ്ഞ ലക്കം പ്രതിപാദിച്ചിരിന്നു.

## 9. ഭാരം ഇറക്കാനുള്ള അത്താണി

സന്തോഷത്തോടെ യാത്രയാക്കുന്നതിൽ മാത്രം ബസ്ക്യാമ്മയുടെ ചുമതല പൂർണ്ണമാകുന്നില്ല. കർത്താവിന്റെ മുന്തിരിത്തോപ്പിലെ അദ്ധ്വാനം കഴിഞ്ഞ് മടങ്ങിവരുന്ന പുരോഹിതന് ക്ഷീണം തീർക്കുവാനും ഭാരം ഇറക്കിവയ്ക്കാനും ദൈവം കഴിഞ്ഞാൽ പിന്നെ അത്താണിയായിരിക്കേണ്ടത് ബസ്ക്യാമ്മയാണ്. പുഞ്ചിരി തൂകുന്ന... പുമുഖ വാതിലിൽ സ്നേഹം വിടർത്തുന്ന പുത്തികളായി സ്വീകരിപ്പാൻ കഴിഞ്ഞാൽ മനസ്സിന് അതുതന്നെ കുളിർമ്മയാണ്. നേരേമറിച്ച് വരുമ്പോൾ തന്നെ വീട്ടിലെ പ്രശ്നങ്ങളും പ്രയാസങ്ങളും കുഞ്ഞുങ്ങളുടെ അടിപിടികാര്യങ്ങളും പഠിത്തത്തിലും

---

ക്കുകയും ചെയ്യും. 'സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു' (യെശ. 53.4) എന്നുള്ള കർത്താവിനെക്കുറിച്ചുള്ള പ്രവചനം തന്റെ കരുണയെ കാണിക്കുന്നു. ഇങ്ങനെ കരുണ കാണിക്കുന്നവർക്ക് മററുള്ളവരിൽനിന്ന് കരുണ ലഭിക്കുകയും ചെയ്യും. അത് രണ്ടുകൂട്ടരുടേയും സ്വർഗ്ഗീയ സന്തോഷത്തെ പൂർണ്ണമാക്കുന്നു.

### 6. ഹൃദയശുദ്ധി

കലർപ്പില്ലാത്ത ദൈവത്തോടുള്ള സ്നേഹമുള്ളവർക്ക്, മാനസികസംഘർഷങ്ങൾ ഉണ്ടാകയില്ല. ദൈവദർശനത്തിന്റെ ആനന്ദം അവർ നിരന്തരം അനുഭവിക്കും.

### 7. സമാധാനം

സമാധാനം ഉണ്ടാകുന്നതിനുള്ള പ്രവൃത്തി. സമാധാനമെന്ന് പറയുന്നത് സകലരുടേയും സാർവത്രികമായ ഉന്നമനത്തിനുള്ള സാഹചര്യമാണ്. വഴക്കുതീർക്കുന്നതു മാത്രമല്ല സമാധാനമുണ്ടാക്കുന്നതിൽ അടങ്ങിയിരിക്കുന്നത്. മററുള്ളവരുടെ എല്ലാവിധത്തിലുമുള്ള പരമാവധി ഉയർച്ചക്കായി പരിശ്രമിക്കുന്നവർ, സ്വർഗ്ഗീയ സ്നേഹത്തിൽ നിറഞ്ഞവരാണ്. അവർ ദൈവമക്കളെന്ന് വിളിക്കപ്പെടുകയും, അവർ സ്വർഗ്ഗീയ സന്തോഷം അനുഭവിക്കുകയും ചെയ്യും. കർത്താവ് ശമര്യക്കാരിക്ക് ജീവജലം നൽകിയതിന് ശേഷം പറയുന്നതിപ്രകാരമാണ്. 'എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത്, അവന്റെ പ്രവൃത്തി തികയ്ക്കുന്നതുതന്നെ എന്റെ ആഹാരം' (വി. യോഹ. 4.34)

### 8. നീതിനിമിത്തമുണ്ടാകുന്ന പീഡ

നമ്മുടെ പീഡാനുഭവം മററുള്ളവരുടെ മാനസാന്തരത്തിനും നന്മയ്ക്കുമായിത്തീരുമെന്നുള്ളതിനാൽ, അത് സന്തോഷത്തിന് ഇടയാക്കുന്നു. 'തന്റെ (കർത്താവിന്റെ) മുമ്പിൽ വെച്ചിരിക്കുന്ന സന്തോഷം ഓർത്ത്, അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും, ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.' (എബ്രാ. 12.2) എന്ന് കർത്താവിനെ കുറിച്ച് എഴുതിയിരിക്കുന്നു. ഫിലിപ്യയിൽ വച്ച് അടികൊണ്ട പൗലോസും, ശീലാസും, കാരാഗൃഹത്തിൽ അടക്കപ്പെട്ടിട്ട്, അർത്ഥരാത്രിയിൽ പ്രാർത്ഥിച്ചു ദൈവത്തെ സ്തുതിച്ചതും (അപ്പോ. 16.25) ഇവിടെ സ്മരണീയമാണ്. പീഡ സഹിക്കുന്നവർക്ക് അത് അവരുടെ ആത്മീയ ശുദ്ധീകരണത്തിനും വളർച്ചക്കും മുഖാന്തരമായിത്തീരുകയും ചെയ്യുന്നു. (തുടരും)

—o—

ന്നു കാര്യങ്ങളിലുമുള്ള ഉൽസാഹക്കുറവിനെക്കുറിച്ചുള്ള പരാതികളും, ഇല്ലായ്മകളെക്കുറിച്ചുള്ള ആവലാതികളുമായി സ്വീകരിച്ചാനയിച്ചാൽ പൊട്ടിത്തെറിക്കൽ കണ്ടില്ലെങ്കിൽ അതിശയിപ്പാനെന്തിരിക്കുന്നു! പകലെന്നോ രാത്രിയെന്നോ ഇല്ലാതെ ചൂടോ തണുപ്പോ എന്നു ചിന്തിക്കാതെ, വെയിലോ മഴയോ എന്നു കരുതാതെ, ഭക്ഷണം കഴിച്ചും കഴിക്കാതെയും, ധനികനെന്നോ പാവപ്പെട്ടവനെന്നോ വകഭേദമില്ലാതെ സുഖത്തിലും ദുഃഖത്തിലും ഉണ്മയിലും ഇല്ലായ്മയിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും കഴിയുന്ന സകലരുമായും വ്യത്യസ്ത സാഹചര്യങ്ങളുമായും കൂടി കഴിയേണ്ടിവരുമ്പോൾ സ്വന്തം ക്ഷീണത്തെയോ വിശപ്പിനെയോ കുറിച്ച് ചിന്തിക്കുവാൻപോലും അവസരം കിട്ടിയില്ലെന്നുവരും. അങ്ങനെയുള്ള പട്ടക്കാർ ആശ്വസിക്കുന്നത് സ്വഭവനത്തിലേക്ക് കടന്നുവന്നാണ്. ആ സമയം 'എന്റെയടുക്കൽ വരുമ്പോൾ മാത്രമേ ഈ ക്ഷീണവും പ്രയാസവും ഉള്ളോ' എന്ന് ന്യായമായതെങ്കിലും ചോദിച്ചാൽ ആ മനസ്സിന് കൂടുതൽ ക്ഷീണം ഉളവാക്കുകയേയുള്ളൂ. ഭാര്യയെങ്കിലും ഒരു അമ്മയുടെ മനോഭാവമാണ് അപ്പോൾ പ്രകടിപ്പിക്കേണ്ടത്.

'ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്ക് ആവശ്യം' എന്ന് എബ്രായർ 10:36-ൽ പറയുന്നപ്രകാരം സഹിഷ്ണുത എല്ലാ കാര്യത്തിലും പ്രകടിപ്പിക്കുമെങ്കിൽ കുടുംബഭദ്രത കാത്തുസൂക്ഷിക്കാം.

## 10. ഭവനത്തിന്റെ ആഭ്യന്തര മന്ത്രിയും മക്കൾക്ക് ഗുരുവും

സമയത്തും അസമയത്തും വീടുവിട്ട് പുറത്തു പോകേണ്ടിവരുന്ന പട്ടക്കാർക്ക് സ്വന്തം കുടുംബകാര്യങ്ങൾ വേണ്ടരീതിയിൽ അന്വേഷിക്കുവാനോ, മക്കളുടെ നിഷ്ഠയുള്ള ജീവിതത്തിന് പ്രയോജനമുള്ള കാര്യങ്ങൾ പറഞ്ഞുകൊടുക്കുവാനോ, സമയാസമയങ്ങളിൽ അവരെ നിയന്ത്രിച്ചു നിർത്തുവാനോ കഴിഞ്ഞില്ലായെന്നു വന്നേക്കാം. ആ സാഹചര്യത്തിൽ നിഷ്ഠയുള്ളവരായും, അനുസരണമുള്ളവരായും, ദൈവത്തെയറിയുന്നവരായും, മക്കളെ വളർത്തിക്കൊണ്ടുവരുവാനുള്ള ചുമതല കുടുംബിനിയ്ക്കുണ്ട്. അവരെ പ്രാർത്ഥന പഠിപ്പിക്കുക, നല്ല ശീലങ്ങൾ അഭ്യസിപ്പിക്കുക, പഠനകാര്യങ്ങളിൽ ഉൽസാഹിപ്പിക്കുക, ഭക്ഷണകാര്യങ്ങളിൽ ക്രമീകരണങ്ങൾ ഉണ്ടാക്കുക എന്നിവ

**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



കുഞ്ഞുമോൻ, അമ്മിണി, ഡന്നി, ബിനോ



ശ്രദ്ധിച്ചാൽ മാതൃകയുള്ള മക്കളെ സമൂഹത്തിന് കാഴ്ചവെയ്പ്പാനും ദൈവമുമ്പാകെ സമർപ്പിക്കുവാനും ഭാവിയിൽ മക്കളെക്കുറിച്ചാശ്വസിപ്പാനും പട്ടക്കാരന്റെ കുടുംബത്തിന് അത് ഇട നൽകും. കുടുംബകാര്യങ്ങളിൽ രാജകല്പനകളെ രാജഭരണത്തിൽ നടപ്പിൽ വരുത്തുന്ന മന്ത്രിയെപ്പോലെ കൈകാര്യം ചെയ്യുവാൻ ബസ്ക്യാമ്മയ്ക്ക് കഴിഞ്ഞിരിക്കണം. വീട്ടുടയവൻ വന്നു വേണമെങ്കിൽ ചെയ്യട്ടെ, ചെയ്യിക്കട്ടെ എന്നുകണ്ടിരുന്നാൽ സംഗതികൾ അവതാളത്തിലാകും.

## 11. ഇടവകയുടെ ശുശ്രൂഷക്കാരി

ഇടവക വികാരി ഇടവകജനങ്ങളുടെ പിതാവെന്ന നിലയിൽ അവരെ സേവിക്കുമ്പോൾ ബസ്ക്യാമ്മ കുടുംബകാര്യം മാത്രം നോക്കി ജീവിക്കാതെ ഇടവകയിൽ അമ്മയുടെ സ്ഥാനത്ത് പ്രവർത്തിക്കുവാനും ജനങ്ങളെ ആ രീതിയിൽ ശുശ്രൂഷിപ്പാനും കടമയുള്ളവളാണ്. പ്രത്യേകിച്ച് ദുഃഖത്തിലും പ്രയാസത്തിലും രോഗത്തിലും കഴിയുന്നവരെ പട്ടക്കാരനോടൊപ്പം ചെന്നു കാണുകയും പ്രാർത്ഥിക്കുകയും അവരുടെ പ്രയാസങ്ങളിലും ദുഃഖങ്ങളിലും പങ്കുചേർന്ന് ആശ്വസിപ്പിക്കാനും ബാധ്യസ്ഥയാണ്. സ്ത്രീകൾ ഇങ്ങനെയുള്ള കാര്യത്തിൽ വിഷമിക്കുമ്പോൾ പട്ടക്കാരനെക്കാളുപരി സ്ത്രീയായ ബസ്ക്യാമ്മയ്ക്ക് കൂടുതൽ ശുശ്രൂഷ ചെയ്യുവാൻ കഴിയും. സ്ത്രീകളുടേതായ കർമ്മപരിപാടികൾക്കും സമാജപ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുവാൻ നിശ്ചയമായും കഴിയും. എപ്പോഴും പ്രായോഗികമല്ലായെങ്കിൽപോലും സൗകര്യം കിട്ടുമ്പോൾ അവശ്യാനുസരണം ഇടവകയിലെ ഭവനങ്ങൾ പട്ടക്കാരനോടൊപ്പം സന്ദർശിക്കുന്ന ഭാര്യമാർക്ക് പട്ടക്കാർക്ക് നേരിട്ടു മനസ്സിലാക്കുവാൻ പ്രയാസമേറിയ, പ്രത്യേകിച്ച് സ്ത്രീകളുടെ പ്രശ്നങ്ങൾ, മനസ്സിലാക്കുവാനും അവ രഹസ്യമായി ഭർത്താവിനെ അറിയിച്ച് അവരുടെ ജീവിതപ്രശ്നങ്ങൾക്ക് പ്രതിവിധി കാണുവാനും കഴിയും.

വി. പൗലോസിന്റെ ലേഖനത്തിൽ സദാ ശുശ്രൂഷകരായ പ്രിസ്കില്ലായുടെയും ഭർത്താവായ അക്വിലാവിന്റെയും കാര്യങ്ങൾ പറയുന്നിടത്ത് പ്രിസ്കില്ലായുടെ പേരു തന്നെ ആദ്യം പ്രസ്താവിച്ചിരിക്കുന്നു. കാരണം സഭയുടെ കെട്ടുപണിയിൽ ഭർത്താവിനേക്കാൾ കൂടുതലായി പ്രിസ്കില്ലാ യത്നിച്ചിരുന്നു. അവളെ ഒരു സുവിശേഷപ്രവർത്തകയായിത്തന്നെ ആദിമ സഭ അംഗീകരിച്ചിരുന്നു.

2 രാജാക്കന്മാർ 22-ൽ യഹൂദ രാജാവായ യോശിയാവിന്റെ കാലത്ത് ഹിൽക്കിയാ എന്ന പുരോഹിതനെക്കാളും ദൈവഹിതം ജനങ്ങളെ അറിയിക്കുന്നതിൽ മികച്ചു നിന്ന ഹൂൽദാ എന്ന പ്രവാചകിയെപ്പറ്റി പറയുന്നുണ്ട്. യോശിയാവിന്റെ കാലത്തുണ്ടായ ആത്മീയ ഉണർവിന്റെ പിന്നിൽ ഒരു സ്ത്രീയാണുണ്ടായിരുന്നതെങ്കിൽ പട്ടക്കാരുടെ ഭാര്യമാരായ സ്ത്രീകൾക്കും ദൈവശുശ്രൂഷയിൽ വൻകാര്യങ്ങളെ നിശ്ചയമായും ചെയ്യുവാൻ കഴിയും.

## 12. ഇടവക ഭരണകാര്യത്തിൽ വേറിട്ടു നില്ക്കേണ്ടവൾ

കുടുംബകാര്യത്തിൽ രാജാവിന് മന്ത്രിയെന്നപോലെ പ്രവർത്തിക്കേണ്ട ഭാര്യ ഇടവകകാര്യത്തിൽ ആ നിലപാട് സ്വീകരിക്കുക കരണീയമല്ല എന്നു മാത്രമല്ല പൂർണ്ണമായി ഒഴിഞ്ഞുനിൽക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇടവക കാര്യങ്ങളിൽ തലയിട്ട് പരസ്യമായ അഭിപ്രായപ്രകടനങ്ങൾ നടത്തി പ്രയാസങ്ങൾ സൃഷ്ടിക്കുന്നതിൽനിന്ന് ബസ്ക്യാമ്മമാർ ഒഴിഞ്ഞിരിക്കേണ്ടതാണ്.

## 13. രഹസ്യങ്ങളുടെ കലവറ തുറക്കാത്തവൾ

പുരോഹിതൻ അനേകം രഹസ്യങ്ങളുടെ കലവറയാണ്. വ്യത്യസ്തരായ വ്യക്തികളുടെ രഹസ്യവും പരസ്യവുമായ ജീവിതത്തെക്കുറിച്ച് ബോദ്ധ്യമുണ്ടായിരിക്കേണ്ടവനു. കുമ്പസാര പിതാവുമായ പട്ടക്കാർ രഹസ്യങ്ങൾ കാത്തുസൂക്ഷിക്കുവാൻ നിർബന്ധിതരാണ്. തത്പര്യമുള്ള വിഷയങ്ങളോ താത്പര്യമുള്ള വ്യക്തികളുടെ കാര്യങ്ങളോ അറിയണമെന്നാഗ്രഹിക്കുന്നത് അഭിലഷണീയമല്ല. പാടില്ലാത്തതുമാകുന്നു.

## 14. മര്യാദയുള്ള ആതിഥേയ

ഒരു പട്ടക്കാരന്റെ ഭവനത്തിൽ ഇടവകയിൽനിന്നോ അല്ലാതെയോ പരിചിതരോ അപരിചിതരോ ആയ അതിഥികൾ വന്നെന്നിരിക്കാം. അവരെ മാന്യതയോടെ സ്വീകരിച്ച് ന്യായമായ ആതിഥ്യമര്യാദ പുലർത്തുവാനുള്ള കടപ്പാട് നിസ്സീമമാണ്. അതിഥിസൽക്കാരം മറക്കരുത് എന്ന് എബ്രായ ലേഖനകർത്താവും (എബ്രായർ 13 2) 'പിറുപിറുപ്പു കൂടാതെ തമ്മിൽ അതിഥിസൽക്കാരം ആചരിപ്പീൻ' എന്ന് പരിശുദ്ധ

പത്രോസ് ശ്ലീഹായും (1 പത്രോസ് 4:9) പറഞ്ഞിരിക്കുന്നു.

ആതിഥ്യമര്യാദ വളരെയുണ്ടായിരിക്കേണ്ടതാണെങ്കിലും അതിഥികളുടെ സ്വാധീനംമൂലം പട്ടക്കാരുടെ കുടുംബത്തിന്റെ ക്രിസ്തീയശിക്ഷണമുള്ള ജീവിതചര്യകൾക്ക് തടസമായി വരുന്ന രീതിയിൽ അതു പാടില്ല. വരുന്ന അതിഥികളേയും ആ ചിട്ടയിൽ കൂട്ടിയിണക്കിക്കൊണ്ടുപോകുന്നതിനുപകരം വരുന്നവരുടെ സൗകര്യങ്ങൾക്ക് അനുസരിച്ച് കുടുംബത്തിന്റെ ചിട്ടകൾ തെറ്റിച്ച് കാര്യങ്ങൾ മാറ്റിവെച്ചാൽ കുടുംബജീവിതം കുത്തഴിഞ്ഞ പുസ്തകം പോലെയായിത്തീരും. ക്രിസ്തീയ ജീവിതക്രമത്തിന് എതിരായി വരാനാകുന്ന അതിഥികൾ വീട്ടിൽ കയറിക്കൂടിയാൽ അവരെ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വരുന്നവർക്കെല്ലാം ക്രിസ്തീയ വെളിച്ചം പകർന്നുകൊടുക്കുവാൻ പര്യാപ്തമായ ഗൃഹാന്തരീക്ഷം ഭവനത്തിൽ വളർത്തിയെടുക്കുവാൻ ബസ്ക്യാമ്മമാർക്ക് കടമയുണ്ട്.

## 15. ഉള്ളതിൽ സംതൃപ്തിയുള്ളവൾ

ഒരു വൈദികന്റെ വരുമാനം പരിമിതമായിരിക്കും. വർദ്ധിച്ചുവരുന്ന ജീവിതസൂചികയ്ക്കനുസൃതമായി പ്രതിഫലം ലഭിക്കുക പ്രയാസം. പരിമിതമായ വരുമാനംകൊണ്ട് ഭാരിച്ചതും നാനോന്മുഖവുമായ ചെലവു നടത്തുകയും ആവശ്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്നതിലുള്ള വ്യുൽപത്തിയുണ്ടെങ്കിൽ എപ്പോഴും സന്തുഷ്ടിയും സംതൃപ്തിയും ഉണ്ടായിരിക്കും. 'cut the coat according to the cotton' എന്നുണ്ടല്ലോ. ആർഭാടങ്ങൾ ഒഴിവാക്കി ക്രിസ്തീയകാര്യവിചാരത്വത്തിന് മുൻതൂക്കം നൽകി വരവുചെലവുകൾ നിയന്ത്രിക്കേണ്ടതാണ്.

## 16. എപ്പോഴും സന്തോഷിക്കുന്നവൾ

ഹൃദയം തുറന്ന ചിരിയും സൗഹൃദസംഭാഷണവും തുറന്ന അഭിനന്ദനങ്ങളും കാഴ്ചവയ്ക്കാൻ കഴിവുള്ള ഒരു ബസ്ക്യാമ്മയുള്ള ഒരു പട്ടക്കാരന്റെ ഭവനം ദേശത്തിന്റെ വിളക്കാണ്. സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും സ്രഷ്ടാക്കൾ അവരവർ തന്നെയാകുന്നു. സ്വയം സന്തോഷിക്കാത്തവർ അന്യർക്കും അതു നൽകുന്നില്ല. സന്തോഷവസരങ്ങൾ ഉണ്ടാക്കിയെടുത്ത് ആനന്ദം പകർന്നു സന്തോഷവതികളായി ജീവിക്കുന്നു. പട്ടക്കാരുടെ ഭാര്യമാർക്ക് ദുഃഖങ്ങളിൽ കഴിയുന്ന ഇടവകജനങ്ങൾക്ക് സന്തോഷം പകർന്നുകൊടുക്കുവാൻ കഴിയും. ദുഃഖങ്ങളുണ്ടാകുമ്പോൾ ഒരു സുഖം മുമ്പിലുണ്ടെന്നോർത്ത് പ്രസന്നമുഖരായി ജീവിക്കുക. നമ്മുടെ പ്രസന്നത മറ്റുള്ളവരെ പ്രസാദമുള്ളവരാക്കിത്തീർക്കും.

## 17. ഔദാര്യശീലമുള്ളവൾ

ഔദാര്യനിധിയാകുന്നതിനാൽ ഒന്നിനും ബുദ്ധിമുട്ടു നേരിടുകയില്ലെന്നാണ് വി. പൗലോസ് പറയുന്നത് (2 കൊരി 9:13). 'ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും. ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും' എന്നുണ്ടല്ലോ. മറ്റാരിൽനിന്നും ലഭിച്ചില്ലെങ്കിലും ഒരു പട്ടക്കാരന്റെ ഭവനത്തിൽ മുട്ടിയാൽ ലഭിക്കുമെന്ന ചിന്തയോടെ വരുന്ന യാചകനൊരുവനേയും നിരാശനാക്കരുത്. സഹായങ്ങളുടെ കരങ്ങളെ നീട്ടുന്നവർക്ക് കർത്താവ് സഹായങ്ങൾ നിറഞ്ഞ അദൃശ്യകരങ്ങൾ നീട്ടിത്തരും. ആവർത്തനം 15:10 'നീ അവനു കൊടുക്കുമ്പോൾ നിന്റെ ഹൃദയം വേദനിക്കരുത് ദൈവം നിന്നെ എല്ലാത്തിലും അനുഗ്രഹിക്കും' എന്നും പറയുന്നു.


**MAR BASELIOS CHILDREN'S HOME**

Mannapra (P. O.)

Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959–ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയുടെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾമൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.




# ഈ വിളി കേൾക്കുമോ? (ii)

മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ

ബാഹ്യകേരളത്തിലെ മിഷൻ പ്രവർത്തനം സഭയുടെ അംഗീകൃത നയപരിപാടികളിൽ അർഹമായ പരിഗണന ലഭിക്കാത്ത കാര്യമായി ഇന്നും നിലകൊള്ളുന്നു. വർഷംതോറും സഭയുടെ ആസൂത്രണ പ്രവർത്തനപരിപാടികൾ സഭാഭരണ സമിതികളിൽ പരിചിന്തനം ചെയ്യുകയും പാസ്സാക്കുകയും ചെയ്യപ്പെടുമ്പോൾ ബാഹ്യകേരള മിഷൻ പ്രവർത്തനം ഒരിക്കലും വിഷയമാകാറില്ല. സഭയുടെ പരിചിന്തനത്തിൽ മുൻഗണനയില്ലാത്ത വിഷയം ജനങ്ങളുടെയോ ആത്മീയസംഘടനകളുടെയോ ചിന്തയിലും അർഹമായ സ്ഥാനം പിടിക്കാത്തതിൽ അതിശയിപ്പാനില്ല. ബാഹ്യകേരളത്തിൽ സഭ മിഷൻ പ്രവർത്തനത്തിന് ശ്രമിക്കേണ്ട ആവശ്യമേയില്ല എന്നു ചിന്തിക്കുന്ന സഭാംഗങ്ങ

---

## 18. ആത്മസംയമനം പാലിക്കുന്നവൾ

കുടുംബജീവിതത്തിൽ പ്രവേശിക്കുന്നതിനുമുമ്പ എത്രമാത്രം ആത്മനിയന്ത്രണം ആവശ്യമാകുന്നുവോ അതിലുമുപരി വിവാഹാനന്തരവും അത്യാവശ്യമാകുന്നു. വി. കുർബാനയും മറ്റു കൂദാശകളും അർപ്പിക്കേണ്ട പട്ടക്കാരൻ ദൈവസംസർഗ്ഗത്തിനുള്ള ഉപാധിയായി നോമ്പാചരിപ്പാൻ കടപ്പെട്ടിരിക്കുന്ന അനുബന്ധപ്പെട്ട കുടുംബവും പരസ്പരധാരണയിൽ വിചാര വികാരങ്ങളെ അടക്കി, നിയന്ത്രണം പാലിക്കേണ്ടത് ആത്മീയശിക്ഷണത്തിനും അനുഗ്രഹത്തിനും ശുശ്രൂഷകളുടെ പൂർണ്ണഫലത്തിനും അത്യന്താപേക്ഷിതമാണ്. ആർക്കെങ്കിലും ബലഹീനതയുണ്ടെങ്കിൽ പരസ്പരം പറഞ്ഞ് ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്.

## 19. വീടിന്റെ സംശുദ്ധി കാത്തുസൂക്ഷിക്കേണ്ടവൾ

ആരോഗ്യം പരിരക്ഷിക്കത്തക്ക രീതിയിൽ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിനും വീട്ടുപകരണങ്ങൾ അടുക്കിൽ ക്രമീകരിക്കുന്നതിനും ബസ്ക്യാമ്മമാർ ശ്രദ്ധിക്കേണ്ടതാണ്. വിവിധതരത്തിലുള്ള വ്യക്തികൾ കടന്നുവരുന്ന വീട് മാതൃകയായിരിക്കേണ്ടതിനു പകരം അലങ്കോലപ്പെട്ട് വൃത്തിഹീനമായിരുന്നാൽ മറ്റുള്ളവരാൽ പുച്ഛിക്കപ്പെടുവാൻ ഇടയാകും.

## 20. വീട്ടുജോലിക്കാർക്ക് വെളിച്ചം നൽകുന്നവൾ

അവഗണിക്കുവാൻ പാടില്ലാത്ത ഒരു പ്രധാന സംഗതി വീട്ടുജോലിക്കാരുടെ കാര്യമാണ്. അവരോട് അനുകമ്പാപൂർവ്വം പെരുമാറേണ്ടതാണ്. ഭവനത്തിലെ മററംഗങ്ങളെപ്പോലെ അവർക്കും പ്രാധാന്യം അർഹിക്കുന്നവരാണ്. അവർ മറ്റുള്ളവരുടെ സുഖസൗകര്യങ്ങൾക്കുള്ള ഉപകരണമല്ല. വിലയേറിയ ആത്മാക്കളെന്ന കരുതലോടെ സ്നേഹാദരങ്ങളോടെ പെരുമാറേണ്ടതാണ്. ന്യായമായ കൂലി കൊടുപ്പിക്കുകയും താമസസൗകര്യങ്ങൾ കൊടുക്കുകയും പ്രാർത്ഥനയ്ക്കും ആരാധനയ്ക്കുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും, അവർ ക്രിസ്ത്യാനികളെങ്കിൽ കുടുംബപ്രാർത്ഥനകളിൽ അവരെക്കൂടി പങ്കാളികളാക്കേണ്ടതുമാണ്. ഇതരമതസ്ഥരെങ്കിൽ നമ്മിലുള്ള ദൈവികചൈതന്യം കണ്ടറിഞ്ഞ് ക്രിസ്തുവിന്റെ സ്നേഹം കാണ്മാൻ തക്കവണ്ണം അവരോട് വർത്തിക്കണം.

## 21. ബസ്ക്യാമ്മ – സഹധർമ്മിണി

ദൈവവിളിയുള്ളവനെങ്കിലും, ആത്മാഭിഷേകം പ്രാപിച്ചവനെങ്കിലും, ദൈവികശുശ്രൂഷകനെങ്കിലും ഒരു മനുഷ്യനെന്ന നിലയിൽ മാനുഷികബലഹീനതകളുള്ളവനാണ് പട്ടക്കാരൻ. ആ ബലഹീനതകൾ മനസ്സിലാക്കി സഹധർമ്മിണിയായ ബസ്ക്യാമ്മ സൗമ്യമായി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി ഉപദേശിച്ചും, ശുപാർശ ചെയ്തും തെറ്റുകളെ തിരുത്തിച്ചും, ശുശ്രൂഷാകാര്യങ്ങളിൽ അലസതയോ മടിയോ കാട്ടിയാൽ അവ അകറ്റി ഉത്സാഹിപ്പിച്ചും, വിഷമഘട്ടങ്ങളിൽ ധൈര്യപ്പെടുത്തിയും പട്ടക്കാരനെന്ന നിലയിൽ കൂടുതൽ പ്രശോഭിക്കുവാൻ ഉത്തമ കുടുംബിനിയും സഹധർമ്മിണിയുമായ ഒരു ബസ്ക്യാമ്മയ്ക്ക് കഴിഞ്ഞാൽ അവൾക്ക് ജന്മസാഫല്യമായി.

1 കൊരി. 11:7–ൽ യഹൂദ പാരമ്പര്യത്തെക്കുറിച്ച് വി. പൗലോസ് പറഞ്ഞിരിക്കുന്നത് മററു ചിലയിടത്തു എന്നപോലെ സ്വന്ത അഭിപ്രായമാണ്. (1 കൊരി. 7:25)

5. എന്താണ് 1836–ലെ മാവേലിക്കര പടിയോല? ''പടിയോല എന്നാൽ എന്ത്''?

'പടിയോല' എന്ന പദപ്രയോഗത്തിന്റെ കാരണം പണ്ട് പ്രമാണങ്ങൾ ഓലയിലാണ് എഴുതിയിരുന്നത് എന്നതാണ്. 1836–ൽ മാവേലിക്കര പടിയോലയിൽ സി. എം. എസ്. മിഷണറിമാരും ഓർത്തഡോക്സ് (യാക്കോബായ) സഭയും തമ്മിൽ പിരിഞ്ഞപ്പോൾ ഉണ്ടാക്കിയ വ്യവസ്ഥകൾ ആണു്. ചേപ്പാട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായായിരുന്നു മലങ്കര സഭയുടെ പ്രധാന വക്താവ്.

6. 1653–ലെ 'കൂനൻ കുരിശുസത്യം' എന്ന ബൃഹത്തായ സംഭവത്തിൻ ഈ കൂനൻ 'കുരിശു എന്നാൽ എന്ത്?

1653–ൽ 'കൂനൻ കുരിശുസത്യം' നടത്തിയതോടുകൂടിയാണ് 1599–ൽ ഉദയമ്പേരൂരിൽ വച്ച് റോമാനുകത്തിൽ മെനെസിസിനാൽ പൂട്ടപ്പെട്ട മലങ്കരസഭ സ്വതന്ത്രമായത്. കൊച്ചിയിലെ ഒരു കുരിശിൽ ആലാത്തു കെട്ടി സത്യവിശ്വാസികൾ അതിൽ പിടിച്ചുകൊണ്ട് റോമൻ പോർട്ടുഗീസ് അധികാരത്തിന് കീഴ്പ്പെടുകയില്ല എന്ന് നമ്മുടെ പിതാക്കന്മാർ ചെയ്ത സത്യ ഉടമ്പടിയാണ് കൂനൻകുരിശു സത്യം.

7. 'വട്ടിപ്പണക്കേസ്' എന്നതിൽ എന്താണ് ഈ വട്ടിപ്പണം?

3000 പുവരാഹൻ വലിയ മാർ ദീവന്നാസ്യോസ് എട്ടുപണപ്പലിശയ്ക്ക് ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയിൽ നിത്യ സ്ഥിരനിക്ഷേപമായി ഇട്ടതാണ് ഇത്. ഇതിന്റെ പലിശ മലങ്കര മെത്രാപ്പോലീത്തായ്ക്കും സഭാ ട്രസ്റ്റിമാർക്കും ഒപ്പിട്ടുവാങ്ങാം. വിശദവിവരം സഭാചരിത്രപുസ്തകത്തിൽ നിന്നു വായിച്ചു പഠിക്ക.

8. 18–അക്കം കാനോൻ എന്താണ്? (Do)

സമുദായക്കേസിൽ സഭയുടെ ശരിയായ കാനോൻ തിരുത്തി പാത്രിയർക്കീസിനു കാതോലിക്കായുടെമേൽ കൂടുതൽ അധികാരം സ്ഥാപിച്ചും മററും എഴുതി ഉണ്ടാക്കി പാത്രിയർക്കീസ് കക്ഷികൾ ഹാജരാക്കിയ കാനോനാണ് 18 അക്കം കാനോൻ. കോടതി നമ്മൾ ഹാജരാക്കിയ ശരിയായ കാനോന് 'A' അക്കം എന്നും മറുപക്ഷം ഹാജരാക്കിയ കാനോന് 18 അക്കം എന്നും നമ്പർ ഇട്ടതുമൂലം ഈ പേരുകളിൽ ആ കാനോൻ പുസ്തകങ്ങൾ അറിയപ്പെടുന്നു.

9. നമ്മുടെ മെത്രാച്ചന്മാരെ കബറടക്കുമ്പോൾ അവരുപയോഗിച്ച അംശവടി, സ്ലീബാ, കുരിശുമാല, മോതിരം, വാച്ച് മുതലായവ ധരിപ്പിച്ചാണോ കബറടക്കുന്നത്? അങ്ങനെയെങ്കിൽ അത്രയും സ്വർണ്ണം സഭയ്ക്കു നഷ്ടമല്ലേ?

മെത്രാപ്പോലീത്തന്മാരെ കബറടക്കുമ്പോൾ സ്വർണ്ണ സ്ലീബായും മററും തിരിച്ചെടുത്ത് അഭ്രം പൊതിഞ്ഞതോ അല്ലാത്തതോ ആയ തടി സ്ലീബാ കയ്യിൽ പിടിപ്പിച്ചാണ് അടക്കുന്നത്.

10. വി. വേദപുസ്തകത്തിൽ ക്രിസ്തുവിന്റെ മരണസമയം യോഹന്നാന്റെ സുവിശേഷത്തിൽ പറഞ്ഞ സമയമല്ലല്ലോ മററു 3 സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്നത്? കാരണം എന്ത്?

ഗീവർഗീസ്, ഐപ്പ്, നിരണം.

നാലാം സുവിശേഷവും സമവീക്ഷണസുവിശേഷങ്ങളുമായി പല വ്യത്യാസങ്ങൾ ഉണ്ട്. അതിൽ ഒന്നാണ് കർത്താവിന്റെ മരണസമയം. ഇത് രണ്ടു പാരമ്പര്യങ്ങളാണ്. സഭ സ്വീകരിച്ചിരിക്കുന്നത് 22½ യ്ക്ക് അഥവാ മൂന്നാം മണിക്ക് (3PM) നമ്മുടെ കർത്താവു മരിച്ചു എന്നതാണ്.

11. 'ഒരുപോലിങ്ങും.....' എന്നു തുടങ്ങുന്ന ഗീതത്തിൽ മാതാവിന്റെ നാമത്തിലുള്ള പള്ളികളിൽപ്പോലും ദൈവമാതാവിന്റെ പേര് ചേർത്ത് ചൊല്ലാത്തത് എന്താണ്?

'ഒരുപോലിങ്ങും' എന്നത് പരിശുദ്ധന്മാരുടേതാകയാൽ മാർത്തോമ്മാ എന്നതോ, മററ് പരിശുദ്ധന്മാരെന്നതോ മാററി ചൊല്ലണം. ആദ്യം ചൊല്ലുന്ന ബസ്മൽക്കോ മാതാവിന്റെ കുക്കിലിയോൻ ആകയാൽ അതു കഴിഞ്ഞുവരുന്ന സദീക്കോയ്ക്ക് മാതാവിന്റെ പേർ പറയണ്ടയാവശ്യമില്ലല്ലോ.

12. വി. കുർബാനയുള്ളപ്പോൾ പള്ളിയിൽ പ്രഭാത നമസ്കാരത്തിൽ സംബന്ധിപ്പാൻ തക്കവണ്ണം പോകുന്നവർ വീട്ടിൽ വച്ച് പ്രഭാത നമസ്കാരം തികക്കേണ്ട ആവശ്യമുണ്ടോ?

വീട്ടിൽ വച്ച് രാത്രിനമസ്കാരം നടത്തിയിട്ട് പള്ളിയിൽ വന്ന് പ്രഭാതനമസ്കാരം നടത്തിയാൽ മതി. വി. ജെ. ഏബ്രഹാം, പട്ടാമ്പി.



# “അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല” (സങ്കീ. 34; 5)

## ഫാ. ഏബ്രഹാം പി. ജോർജ്ജ്, പാറമ്പുഴ

കേരളം കണ്ടിട്ടുള്ളതിൽവച്ച് ഏററവും ഭയാനകവും വേദനിപ്പിക്കുന്നതുമായ ഒരു ദുരന്തമായിരുന്നല്ലോ പെരുമൺ ട്രെയിനപകടം. ഈ അപകടത്തിൽപെട്ടു അനേകർ അകാലമൃത്യുവിന്നിരയായി ഈലോകത്തോടു യാത്രപറഞ്ഞു. അപകടത്തിൽപെട്ടവരുടെയും അപകടത്തിൽ മരിച്ചുപോയവരുടെയും ദുഃഖാർത്തരായ ബന്ധുമിത്രാദികളെ ആശ്വസിപ്പിക്കുവാൻ പലരും അവരുടെ വീടുകളിൽ എത്തി ആശ്വാസവചനങ്ങൾ പറഞ്ഞിട്ടുണ്ട്. വേദനകളിലും പ്രയാസങ്ങളിലും നട്ടംതിരിയുന്ന ആധുനിക മനുഷ്യന് ആശ്വാസം പ്രദാനം ചെയ്യുന്ന ഒരു വേദഭാഗമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഈ വാക്യത്തെ അടിസ്ഥാനമാക്കി നമുക്ക് അല്പം ധ്യാനിക്കാം.

### സങ്കീർത്തനങ്ങൾ എന്താണ്

ബി. സി. പത്താം ശതാബ്ദം മുതൽ എട്ടാം ശതാബ്ദം വരെയുള്ള കാലഘട്ടത്തിൽ ക്രോഡീകരിക്കപ്പെട്ട പ്രാർത്ഥനാഗീതങ്ങളുടെ ഒരു സമാഹാരമാണ് സങ്കീർത്തനങ്ങൾ. 'സ്തോത്രങ്ങളുടെ ഗ്രന്ഥ'മെന്ന് അർത്ഥം വരുന്ന 'സെഫർതെഹിലിം' എന്നുള്ള എബ്രായ പദമാണ് സങ്കീർത്തനങ്ങൾക്കു നൽകിയിട്ടുള്ളത്. അനുതാപത്തിന്റെയും കരച്ചിലിന്റെയും ഗീതങ്ങളും സങ്കീർത്തനങ്ങളിൽ ഉണ്ടെന്നുള്ളത് പ്രസ്താവ്യമാണ്. ഇംഗ്ലീഷിൽ psalms എന്നു പറയുന്നു. ഗ്രീക്കു ഭാഷയിലെ psalms എന്ന വാക്കിൽനിന്നും ഉണ്ടായതാണ് ഈ വാക്ക്. സംഗീത ഉപകരണങ്ങളോടുകൂടെയുള്ള ഗാനാലാപമാണ് ഇവിടെ വിവക്ഷിക്കുന്നത്. എഫേ. 5:19–ലും, കൊലൊസി. 3:16–ലും ഈ ആശയം വ്യക്തമായിട്ടുണ്ട്. പ്രയാസങ്ങളുടെയും പ്രശ്നങ്ങളുടെയും നടുവിൽ നട്ടംതിരിയുന്ന ഏതൊരുവനും ആശ്വാസവും പ്രത്യാശയും സന്തോഷവും പ്രദാനം ചെയ്യുന്ന രജതരേഖകളാണ് സങ്കീർത്തനങ്ങൾ.

### 34–ാം സങ്കീർത്തനം

ശൗൽ രാജാവ് ദാവീദിനെ വേട്ടയാടിനടന്ന അവസരത്തിൽ ദാവീദ് അശരണനായി ഓടിനടക്കുകയായിരുന്നു. ഗത്യന്തരമില്ലാതെ വന്നപ്പോൾ ഇസ്രായേല്യരുടെ ശത്രുക്കളായ ഫെലിസ്ത്യരുടെ ദേശത്ത് അവൻ പോകേണ്ടിവന്നു. ഗത്ത് രാജാവായ ആഖീശി (1 ശമു. 21:10–15) ന്റെ ദേശത്ത് ദാവീദ് ചെന്നു. ഫെലിസ്ത്യ മല്ലനായ ഗോല്യാത്തിനെ കൊന്നവനാണ് വന്നിരിക്കുന്നതെന്ന് ആഖീശിന്റെ ഭൃത്യന്മാർ മനസ്സിലാക്കി. രക്ഷപെടുന്നതിന് യാതൊരു മാർഗ്ഗവുമില്ലാതെ വന്നപ്പോൾ ദാവീദ് ഭ്രാന്ത് അഭിനയിച്ചു. ദാവീദ് യഥാർത്ഥ ഭ്രാന്തനാണെന്ന് തെററിദ്ധരിച്ച ആഖീശ് ദാവീദിനെ പറഞ്ഞയച്ചു. അനന്തരം ദാവീദ് തിരിച്ചുവന്ന് അദുല്ലാംഗുഹത്തിൽ പാർത്തു. ഞെരുക്കവും കടവുംകൊണ്ട് പൊറുതിമുട്ടിയ ഒരു ജനസമൂഹം ദാവീദിന്റെ അടുക്കൽ വന്നുകൂടി. ഈ കാലഘട്ടത്തിലാണ് 34–ാം സങ്കീർത്തനമെഴുതിയത്. സങ്കീർത്തനത്തിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നോട്ടിൽ ആഖീശ് എന്നതിനു പകരം അബിമേലേക്ക് എന്നാണ് പേരു പറഞ്ഞിരിക്കുന്നത്. രാജാവിന്റെ പേരെന്തുതന്നെ ആയിരുന്നാലും ഈ സന്ദർഭത്തിലാണ് സങ്കീർത്തനമെഴുതിയത്. രക്ഷയ്ക്ക് യാതൊരു വഴിയുമില്ലാതിരുന്നപ്പോൾ അത്ഭുതകരമായവിധത്തിൽ ദൈവം രക്ഷിച്ചതിനെ സ്മരിച്ച് നന്ദിനിറഞ്ഞ ഹൃദയത്തോടെ ദാവീദ് പാടിയ സ്തോത്രഗീതമാണ് 34–ാം സങ്കീർത്തനം.

ഈ സങ്കീർത്തനത്തിലെ ആദ്യഭാഗമാണല്ലോ നമ്മുടെ ചിന്താവിഷയം.

### a) അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി

ദാവീദ് തന്റെ അപകടാവസ്ഥയിൽ ദൈവത്തിങ്കലേക്ക് നോക്കി പ്രകാശിതനായി. രക്ഷപെടുന്നതിനുള്ള ഒരു സൂത്രം ദൈവം അവന്റെ ബുദ്ധിയിൽ തോന്നിപ്പിച്ചു. എല്ലാ കാലത്തും ദൈവജനത്തിന് രക്ഷയ്ക്കായും പരിപാലനത്തിന്നായും വിടുതലിന്നായും ദൈവത്തിങ്കലേക്ക് നാം ദൃഷ്ടി ഉയർത്തേണ്ടതാണ്.

യിസ്രായേല്യർ തങ്ങളെ നടത്തിയ യഹോവ

ച്ച മററ് വിഗ്രഹങ്ങളിലേക്ക് തിരിഞ്ഞതായി നാം കാണുന്നു. അപ്പോഴെല്ലാം പ്രവാചകന്മാർ മുഖാന്തരം ദൈവം ജനങ്ങളെ തന്നിലേക്ക് ആഹ്വാനം ചെയ്തിരുന്നു. 'സകല ഭൂസീമവാസികളുമായുള്ളോരേ, എങ്കലേക്ക് തിരിഞ്ഞു രക്ഷപെടുവിൻ' (യെശ. 45:22) എന്ന് യെശയ്യാപ്രവാചകനിൽകൂടി യഹോവ അരുളിച്ചെയ്തു. ഒരിക്കൽ യിസ്രായേല്യർ മോശയ്ക്കും ദൈവത്തിനുമെതിരായി പിറുപിറുത്തപ്പോൾ യഹോവ അഗ്നിസർപ്പങ്ങളെ അയച്ചു പലരും സർപ്പദംശനത്താൽ മരിച്ചു. മോശ യഹോവയോട് പ്രാർത്ഥിച്ചപ്പോൾ ഒരു താമ്രസർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൽ തൂക്കണമെന്നും, ആ താമ്രസർപ്പത്തെ നോക്കിയാൽ ജീവിക്കുമെന്നും യഹോവ പറഞ്ഞു (സംഖ്യ 21:9) കുരിശിക്കപ്പെട്ട കർത്താവിങ്കലേക്ക് നോക്കുന്നവർ രക്ഷപ്പെടുമെന്നതിന്റെ ഒരു മുൻകുറിയായിരുന്നു ഇത്.

തന്നിലേക്കു നോക്കുന്നവരെ കർത്താവ് എക്കാലത്തും പ്രകാശിപ്പിച്ചിട്ടുണ്ട്. പല കുരുടന്മാരും തന്നിൽ ആശ്രയിച്ച് കാഴ്ചപ്രാപിച്ചു. വിശ്വാസത്തോടെ തന്നെ സമീപിച്ച എല്ലാ രോഗികൾക്കും സൗഖ്യം ലഭിച്ചു. അനേക പാപികൾ തന്നെ സമീപിച്ചു പ്രകാശിതരായി. ചുങ്കക്കാരൻ സഖായിയും ശീമോന്റെ ഭവനത്തിൽ വന്ന പാപിനിയും, വലത്തുഭാഗത്തെ കള്ളനും പ്രകാശിതരായി. കേവലം മീൻപിടുത്തക്കാരായിരുന്നവർ തിന്നെ അനുഗമിച്ചതിനാൽ ദൈനംദിനം ശുദ്ധീകരിക്കപ്പെട്ട് പ്രകാശിതരായി. സ്തേഫാനോസ് കല്ലേറുകൊണ്ട് മരിച്ചപ്പോൾ ദൈവമഹത്വവും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുനിൽക്കുന്നതു കാണുകയും, തന്നെ കല്ലെറിഞ്ഞ് കൊല്ലുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം പ്രകാശിതനായി. സഭയെ പീഡിപ്പിച്ച ശൗലിനെ കർത്താവ് മാനസാന്തരപ്പെടുത്തിയതിനാൽ, അവൻ സുവിശേഷത്തിനുവേണ്ടി അനേക കഷ്ടതകൾ സഹിക്കുകയും സഹദാമരണം പ്രാപിക്കുകയും ചെയ്തു.

പ്രകാശിക്കുകയെന്നു പറഞ്ഞാൽ സ്നേഹത്തിൽ നിറഞ്ഞ ദിവ്യശോഭയുള്ളവരാകുകയെന്നാണ് അർത്ഥം. അതിനുള്ള മാർഗ്ഗങ്ങളാണ് വി. കുമ്പസാരം, വി. മാമോദീസാ, വി. കുമ്പസാരം, വി. കുർബാന ഇവയിൽകൂടി നാം ശുദ്ധീകരിക്കപ്പെട്ട് കർത്താവിന്റെ സ്നേഹത്തെ ഉൾക്കൊള്ളുന്നു.

'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും' (വി. യോഹ. 8:12) എന്നും 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു........... അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ' (വി. മത്താ 5:14, 16) എന്നും കർത്താവു പറയുന്നു.

സൂര്യന്റെ കിരണങ്ങൾ ചന്ദ്രനിൽ തട്ടി ചന്ദ്രൻ പ്രകാശിക്കുന്നതുപോലെ യേശുക്രിസ്തുവിൽകൂടി നാം പ്രകാശിക്കണം. തീക്കട്ടയോടു ചേരുന്ന കരിക്കട്ട തീക്കട്ടയാകുന്നതുപോലെ നാമും തീക്കട്ടകളാകയും മററുള്ളവരെ തീക്കട്ടകളാക്കുകയും ചെയ്യണം.

ദൈവത്തിനുവേണ്ടി ജീവിക്കുന്നതും അവനുവേണ്ടി മരിക്കുന്നതും അവനെ ആരാധിക്കുന്നതും അവനിൽനിന്നു കിട്ടുന്ന പ്രകാശം മററുള്ളവർക്ക് പകർന്നുകൊടുക്കുന്നതുമായിരിക്കട്ടെ നമ്മുടെ ജീവിതലക്ഷ്യം.

## b) അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല.

Good News Bible എന്ന പരിഭാഷയിൽ ലജ്ജക്കു പകരം നിരാശയെന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. കർത്താവിലേക്ക് നോക്കുന്നവർ ലജ്ജിക്കുന്നതിനോ നിരാശപ്പെടുന്നതിനോ ഇടയാകയില്ലെന്നു പറയാം.

ആഗ്രഹിക്കുന്ന കാര്യങ്ങൾ നടക്കാതെവരുമ്പോഴാണല്ലോ നിരാശയുണ്ടാകുന്നത്. ദൈവമഹത്വത്തിനും മനുഷ്യരുടെ നന്മയ്ക്കും ഒന്നാംസ്ഥാനം കൊടുക്കുന്ന ആൾക്ക് നിരാശയുണ്ടാകുക എളുപ്പമല്ല. കഷ്ടതയും ദൈവം നന്മക്കാക്കുമെന്നുള്ളതിനാൽ നിരാശപ്പെടേണ്ടതില്ലല്ലോ.

നിരാശപ്പെടാതിരിക്കുന്നതിന് ദൈവസാന്നിദ്ധ്യബോധം നമുക്കുണ്ടാകണം. പിതാവിന്റെ സാന്നിദ്ധ്യബോധം കർത്താവിനെ ശക്തികരിച്ചതായി നാം കാണുന്നു'. എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ട് ഞാൻ എപ്പോഴും അവന് പ്രസാദമുള്ളത് ചെയ്യുന്നതിനാൽ അവൻ എന്നെ ഏകനായി വിട്ടിട്ടില്ല' (വി. യോഹ 8:29) എന്ന് കർത്താവ് പറയുന്നു. 'എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു' (ഫിലി. 4:13) എന്ന് വി. പൗലോസും പറയുന്നു. 'ഞങ്ങളുടെ പിതാക്കന്മാർ നിങ്കൽ ആശ്ര



# ബാലരംഗം

# യേശുനാഥന്റെ പൂന്തോട്ടം



കുഞ്ഞിച്ചായൻ

കുഞ്ഞനുജൻമാരേ, കുഞ്ഞനുജത്തിമാരേ,

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദിവ്യസന്ദേശവുമായി ക്രിസ്മസ് വീണ്ടും കടന്നുവരുന്നു. ഭൂമിയും സ്വർഗ്ഗവും ഒന്നുചേർന്നാനന്ദിക്കുന്ന പുണ്യദിനം. ആകാശത്തിലും ഭൂമിയിലും നക്ഷത്രവിളക്കുകൾ ഒരു പോലെ പ്രകാശം ചൊരിയുന്നു.

സ്വർഗ്ഗത്തിൽ ദൈവദൂതന്മാർ ആനന്ദ

---

യിച്ചു. അവർ ആശ്രയിക്കുകയും നീ അവരെ വിടുവിക്കയും ചെയ്തു. അവർ നിന്നോടു നിലവിളിച്ച് രക്ഷപ്രാപിച്ചു. അവർ നിങ്കൽ ആശ്രയിച്ച്, ലജ്ജിച്ചുപോയതുമില്ല' (സങ്കീ. 22:4,5)

നിരാശപ്പെടാതിരിക്കുന്നതിനുള്ള മറെറാരു മാർഗ്ഗം പരലോകത്തെക്കുറിച്ചുള്ള കർത്താവിന്റെ വാഗ്ദത്തങ്ങളെ സ്മരിക്കുകയാണ്. 'നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന്, പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും' (വി. യോഹ. 14:1–3) എന്ന് കർത്താവ് പറഞ്ഞു. ആകാശവും ഭൂമിയും മാറിപ്പോയാലും കർത്താവിന്റെ വചനങ്ങൾ മാറിപ്പോകയില്ല (വി. മത്താ 24:35). ആയതിനാൽ എത്ര വലിയ കഷ്ടതയിലും നാം നിരാശപ്പെടേണ്ടതില്ല.

നമ്മുടെ സമുദായത്തിൽ വലിയ പ്രശ്നങ്ങളും പ്രതിബന്ധങ്ങളും കടന്നുകൂടിയപ്പോൾ സമുദായത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ടിരുന്ന വട്ടശ്ശേരിൽ തിരുമേനിയും, ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനിയും കർത്താവിങ്കലേക്ക് ദൃഷ്ടി ഉയർത്തി. സമുദായത്തെ ദൈവത്തിന്റെ തൃക്കരങ്ങളിൽ അവർ ഭരമേല്പിച്ചു. അവരിൽകൂടി ദൈവം സമുദായത്തിന് ശക്തിയും ആത്മധൈര്യവും പകർന്നുതന്നു. സമുദായക്കേസ് പ്രതികൂലമായി വിധിച്ചപ്പോൾ ബാവാ തിരുമേനി കല്പിച്ചത് 'വെള്ളിയാഴ്ച കുരിശിച്ച സത്യം, ഞായറാഴ്ച ഉയിർക്കും'. അങ്ങനെ കഷ്ടതകളിൽ കൂടെയെങ്കിലും നമ്മുടെ സമുദായം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

'ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവരെങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടുന്നവരെങ്കിലും നിരാശപ്പെടുന്നില്ല' (2 കൊരി 4 8) എന്ന് വി. പൗലോസ് പറയുന്നു. 'യഹോവയായ കർത്താവ് എന്റെ ബലമാകുന്നു. അവൻ എന്റെ കാൽ പേടമാൻപോലെ ആക്കുന്നു. ഉന്നതികളിന്മേൽ എന്നെ നടക്കുമാറാക്കുന്നു' (ഹബ 3:19) എന്ന് ഹബക്കൂക്ക് പ്രവാചകനും പറയുന്നു.

നാം ലജ്ജിക്കുന്നത് അപരാധബോധമുണ്ടാകുമ്പോഴാണ്. ആദാമും ഹവ്വായും ദൈവത്തെ അനുസരിക്കാതെ പാപം ചെയ്തതിനാൽ ലജ്ജിതരായി തോട്ടത്തിൽ ഒളിച്ചിരുന്നു.

നമുക്കും കർത്താവിങ്കൽ ദൃഷ്ടി ഉയർത്തി ഭാരങ്ങൾ സമർപ്പിച്ച്, പാപമോചനം പ്രാപിച്ച് പ്രകാശിക്കാം.

'കർത്താവേ, ഞങ്ങൾ നിന്റെ സൃഷ്ടി മാത്രമാകുന്നു. നിന്റെ ഹിതം മാത്രം ഞങ്ങളിൽ നിവർത്തിക്കട്ടെ. നിന്റെ മഹത്വത്തിനായി ഞങ്ങളെ എടുത്ത് ഉപയോഗിക്കണമെ' എന്ന് പ്രാർത്ഥിച്ച് നമ്മെത്തന്നെ സമർപ്പിക്കാം.

റിനീവിലാത്തി മാർ തീമോത്തിയോസ് 1921 സെപ്തംബർ 28–ാംനു ചിക്കാഗോയിൽ വച്ച് മക്ഗ്വയർ എന്നൊരു മെത്രാപ്പോലീത്തായെ വാഴിച്ചു. 1923–ൽ ന്യൂയോർക്കിൽ വച്ച് റോബർട്ട്സണും തുടർന്ന് 1924–ൽ ബ്രോററുമനുംവാഴിയ്ക്കപ്പെട്ടു. പ്രസ്തുത സഭ വളർന്ന് ഇന്ന് ഏഴു ഭദ്രാസനങ്ങളും അതിന് ഏഴു മെത്രാപ്പോലീത്തന്മരും സഭയുടെ തലവനായി ഫ്ളോറിഡാ കേന്ദ്രമാക്കി സ്ററാഫോർഡ് ജെയിംസ് ഒന്നാമൻ എന്നൊരു പാത്രിയർക്കീസും ഈ സഭയ്ക്ക് ഉണ്ട്. ഈ സഭ കറുത്ത വർഗ്ഗക്കാരെ മാത്രമല്ല വിവിധ വർഗ്ഗക്കാരെ കൂട്ടിയിണക്കി വിസ്തൃതമായ ഒരു സഭയായി അമേരിക്കയിലുടനീളം പടർന്നു കിടക്കുന്നു. അതിൽ ഇന്ന് കറുത്തവരും, വെളുത്തവരും, ആഫ്രിക്കരും, അമേരിക്കരും എല്ലാം ഉണ്ട്.

രണ്ടുവർഷം മുൻപു മാത്രമാണല്ലോ റിനീവിലാത്തി ഒക്കൻഹോമായിൽ സ്ഥാപിച്ച സഭയിലെ അംഗങ്ങളും അവിടത്തെ ആശ്രമവുമായി നമ്മുടെ സഭ ബന്ധപ്പെടുന്നത്, 1987–ൽ പ്രസ്തുത ആശ്രമത്തിന്റെ അധിപനായ ബിഷപ്പ് ജോർജ് ബർക്ക് ഇൻഡ്യാ സന്ദർശിക്കുകയും ദേവലോകത്തെത്തി പരിശുദ്ധ ബാവാ തിരുമേനിയുമായി കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തു. അതു കൂടാതെ വേറൊരു സഭകൂടി ഇൻഡ്യൻ സഭയുടെ പുത്രികാ സഭയായി അമേരിക്കയിൽ ഉണ്ടെന്നുള്ള വിവരം അറിയുന്നത് മലങ്കര സഭാംഗങ്ങൾക്ക് സന്തോഷകരമായിരിക്കുമല്ലോ.

ഈ സഭയുടെ തലവനായ സ്ററാഫോർഡ് ജയിംസ് ഒന്നാമനുമായി ഞാൻ ടെലഫോണിൽ സംസാരിക്കുകയുണ്ടായി. അവർക്ക് ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലഡെൽഫിയ എന്നീ സ്ഥലങ്ങളിൽ ഇടവകകളും ഭദ്രാസനങ്ങളും ഉണ്ടെന്ന് അറിയുവാനിടയായി. ന്യൂയോർക്കിലെ പള്ളിയുടെ അഡ്രസും ടെലഫോൺ നമ്പരും അദ്ദേഹം തരികയും പരസ്പരം കാണുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തതിനെ തുടർന്ന് ന്യൂയോർക്കിലെ മെത്രാപ്പോലീത്തായും ഞാനുമായി സമ്പർക്കം പുലർത്തുകയുണ്ടായി. ന്യൂയോർക്കിൽ തന്നെ അവർക്ക് മൂന്നു മെത്രാപ്പോലീത്തന്മാരുണ്ട്. വി. കുമ്പസാരം ഉൾപ്പെടെ ഏഴു കൂദാശകൾ ആ സഭ അംഗീകരിച്ചിട്ടുണ്ട്. ഓർത്തഡോക്സ് പാരമ്പര്യങ്ങളിൽ തന്നെ ആ സഭ തുടർന്നുപോകുവാൻ ആഗ്രഹിക്കുന്നു. വൈദികർ ശെമ്മാശന്മാരായിരിക്കുമ്പോൾ തന്നെ വിവാഹം നടത്തിക്കൊള്ളണമെന്നാണ് പ്രസ്തുത സഭയുടെ നിയമം. റിനീവിലാത്തി മാർ തീമോത്തിയോസ് മെത്രാനായി വാഴിയ്ക്കപ്പെട്ടത് ഗ്രീക്ക് ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്തന്മാരിൽ കൂടിയാണെന്നാണ് അവർ ധരിച്ചിരുന്നത്. റിനീവിലാത്തി ഇൻഡ്യൻ സഭയിൽ നിന്നും പട്ടം കെട്ടപ്പെട്ട ഒരു മെത്രാപ്പോലീത്തായായിരുന്നു എന്നു പറഞ്ഞപ്പോൾ അദ്ദേഹം കൂടുതൽ വിവരങ്ങൾ കൗതുകപൂർവ്വം ചോദിച്ചറിയുകയും തമ്മിൽ കാണുന്നതിനും പരസ്പരം പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു.

അങ്ങനെ മലങ്കര സഭയ്ക്ക് ഒരു പുത്രികാ സഭകൂടി അമേരിക്കയിൽ ഉണ്ടെന്നുള്ള സന്തോഷവാർത്ത മലങ്കര സഭാംഗങ്ങളെ അറിയിച്ചുകൊള്ളട്ടെ.

റവ. ഡോ. കെ. സി. മാത്യു,
കുററിക്കണ്ടത്തിൽ

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ഒരു വിശ്വാസി, കുളനട.





ഒരു വിശ്വാസി,
കാരയ്ക്കാട്.



ഒരു വിശ്വാസി,
പള്ളം.



# സഭാ വാർത്തകൾ

## പ. പിതാക്കന്മാരുടെ ഓർമ്മ



ദേവലോകം അരമനയിൽ കബറടങ്ങിയിരിക്കുന്ന
പ. ഔഗേൻ പ്രഥമൻ ബാവാ.
ഓർമ്മ. ഡിസംബർ 8.



വാകത്താനം വള്ളിക്കാട്ടു ദയറായിൽ
കബറടങ്ങിയിരിക്കുന്ന
പ. ബസ്സേലിയോസ് ഗീവർഗീസ്
പ്രഥമൻ ബാവാ.
ഓർമ്മ. ഡിസംബർ. 17.

## കാരുണ്യാ ഗൈഡൻസ് സെൻറർ

വർഷങ്ങളായി സഭയിൽ പ്രവർത്തിച്ചുവരുന്ന വൈദ്യസഹായനിധയുടേയും (S. A. F.) വിവാഹസഹായനിധിയുടേയും (M. A. F) സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് രൂപം കൊണ്ട ഒരു പുതിയ സേവനമണ്ഡലമാണ്— 'സെൻറ് തോമസ് കാരുണ്യാ ഗൈഡൻസ് സെൻറർ'. അത്യാധുനിക ചികിൽസാ സൗകര്യങ്ങൾ ധാരാളമുള്ള തിരുവനന്തപുരം പോലുള്ള പട്ടണങ്ങളിൽ ചികിൽസാർത്ഥം അനുദിനം അനേകം ആളുകൾ അടുത്തുനിന്നും അകലെനിന്നും എത്തിച്ചേരുന്നു. ഈ ആശുപത്രികളെക്കുറിച്ചും അവിടെ ലഭ്യമാകുന്ന ചികിൽസാ സൗകര്യങ്ങളെക്കുറിച്ചും വ്യക്തമായ അറിവും പരിചയവും ഇല്ലാത്തവർ അർഹമായ ലക്ഷ്യത്തിലെത്താതെ അലഞ്ഞുനടക്കുന്ന കാഴ്ച പുത്തരിയല്ല. ആശുപത്രികളിൽ പ്രവേശനം ലഭിക്കാതെ, അന്തിയുറങ്ങുവാൻ തളർന്ന രോഗിയുമായി നെട്ടോട്ടം നടത്തുന്നവരും വിരളമല്ല. താമസസൗകര്യങ്ങളുള്ള ലോഡ്ജുകളുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിലും സാമ്പത്തികശേഷിയില്ലാത്തവരുടെ കാര്യം ഇന്നും പരിതാപകരമാണ്. അങ്ങനെ അലയുന്നവർക്കും വലയുന്നവർക്കും ഇതാ തിരുവനന്തപുരത്ത് ഒരു ആശാകേന്ദ്രം—അഭയസ്ഥാനം!

ഈ സ്ഥാപനം അതിന്റെ പൂർണ്ണരൂപത്തിൽ പ്രവർത്തിച്ചുതുടങ്ങുമ്പോൾ വിദ്യാഭ്യാസ—തൊഴിലവസര മാർഗ്ഗനിർദ്ദേശങ്ങൾ, ജീവിതപ്രശ്നങ്ങളിൽ പിരിമുറുക്കം അനുഭവിക്കുന്നവർക്ക് കൗൺസിലിംഗിനുള്ള സൗകര്യം എന്നീ തലങ്ങളിലേക്കും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്. അങ്ങനെ എല്ലാംകൊണ്ടും എല്ലാവർക്കും ആവശ്യമായ ഒരു സ്ഥാപനമാണ് കാരുണ്യാ ഗൈഡൻസ് സെൻറർ.

ഉള്ളൂരിൽ (മെഡിക്കൽ കോളജിനു സമീപം) രണ്ടര ലക്ഷം രൂപാ മുടക്കി പതിനഞ്ചു സെൻറു സ്ഥലം സമൂഹയുടെ പേരിൽ വാങ്ങിയിട്ടുണ്ട്. 15 ലക്ഷം രൂപാ എസ്റ്റിമേറ്റു ചെയ്തിരിക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടത്തിന് അഞ്ചു ലക്ഷം രൂപാ വേണ്ടിവരും. ഇതിലേക്കായി പണിയുന്ന കെട്ടിടത്തിൻെറ ആദ്യത്തെ നിലയിൽ ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി ചെറിയൊരു ചാപ്പൽ, ഓഫീസ്, എല്ലാ സൗകര്യങ്ങളുമുള്ള രണ്ട് ഡോർമിററി, അടുക്കള, ഭക്ഷണമുറി എന്നിവകളാണ്.

പ. ബാവാ തിരുമനസ്സുകൊണ്ട് ഈ പ്രസ്ഥാനത്തിൻെറ രക്ഷാധികാരിയാണ്. അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡൻറും അഭിവന്ദ്യ ഗീവറുഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ ജോയിൻറ് പ്രസിഡൻറും കെ. ററി. ചാണ്ടി ഡയറക്ടറും, എം. ജെ. ജോൺ ട്രഷററും, ഫാ. വറുഗീസ് ജോൺ കോ-ഓർഡിനേററും ആയി പ്രവർത്തിക്കുന്നു.


## കുരിശിൻതൊട്ടി കൂദാശ

നാരാണംമൂഴി സെ. ജോർജ് ഓർത്തഡോക്സ് പള്ളിവകയായി അത്തിക്കയം ജംഗ്ഷനിൽ പ. പരുമല തിരുമേനിയുടെ നാമത്തിൽ പണികഴിപ്പിച്ച കുരിശിൻതൊട്ടിയുടെ കൂദാശ അഭിവന്ദ്യ ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി നിർവഹിച്ചു. തുടർന്ന് അത്തിക്കയം ജംഗ്ഷനിൽ നടന്ന പൊതുസമ്മേളനത്തിൽ തിരുമേനി അദ്ധ്യക്ഷത വഹിച്ചു. വ. ദി. ശ്രീ. അബ്രഹം റമ്പാൻ, ഫാ. ററി. എം. ശമുവേൽ, ഫാ. പൗലോസ് ഒ. ഐ. സി., ഫാ. ഫിലിപ്പ് പന്തോളിൽ, കെ. ററി. ജോർജ് എന്നിവർ പ്രസംഗിച്ചു.

## നാഗാലാൻഡ്

ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ആദ്യമായി നാഗാലാൻഡിൽഡിമാപ്പൂർ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിവകയായി പ. പരുമല തിരുമേനിയുടെ നാമത്തിൽ പണികഴിപ്പിച്ച കുരിശിൻതൊട്ടിയുടെ കൂദാശാകർമ്മം നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമനസ്സുകൊണ്ട് നവംബർ 12-ാം തീയതി 4 മണിക്ക് നിർവ്വഹിച്ചു. പ. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും വിവിധ പരിപാടികളോടെ കൊണ്ടാടി.

## ചെങ്ങമനാടു ദയറാംഗങ്ങളായ അഭിനവ റമ്പാച്ചന്മാർ



സോളമൻ റമ്പാൻ



പി. എം. ജോർജ് റമ്പാൻ

## നിര്യാതയായി

മലങ്കരസഭാ മാസികയിൽ ചരിത്രപംക്തിയിൽ തുടർച്ചയായി പ. ഒന്നാം മാർത്തോമ്മായുടെ ചരിത്രം എഴുതിക്കൊണ്ടിരിക്കുന്ന ആർപ്പൂക്കര ജേക്കബ് തോമസ് നടുവിലേക്കരയുടെ ഭാര്യ മറിയാമ്മ തോമസ് നവംബർ 12-ാം തീയതി നിര്യാതയായി. ശവസംസ്കാരം 13-ാം തീയതി കല്ലൂക്കുന്ന മണലേൽ പള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യയുടെ അസുഖം മൂലമാണ് തുടർച്ചയായി അദ്ദേഹം മാസികയിൽ എഴുതിക്കൊണ്ടിരിക്കുന്ന 'മഹാനായ മാർത്തോമ്മാ' എന്ന ചരിത്രം അടുത്ത മാസങ്ങളിൽ എഴുതി അയയ്ക്കാൻ കഴിയാത്തത്.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



വ. ദി. ശ്രീ. റമ്പാൻ ബർസൗമ്മ — ജി. തോമസ്.



ജോളി കണ്ടത്തിൽ. — സൂസൻ ബാബു. — ആനി, അടൂർ.



ഗ്രേസ് ജോൺ, റൂർക്കല. — എ. ഐ. വർഗീസ്, തിരുമൂലപുരം.



ഒരു വിശ്വാസി, അബുദാബി. — അനു വർഗീസ്, യു പി.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



കെ. സി. വർഗീസ്. | ശാന്തമ്മ, മൂർത്തിട്ട. | ലില്ലിക്കുട്ടി, മേളി. | തോമസ്കുട്ടി, അടുതല. | ലീലാമ്മ, മൂലവട്ടം.



ബാബു. | ഒരു വിശ്വാസി. | ജോളി. | രാജു.



വർക്കി മാത്യൂ. | അശോക്. | അനിൽ. | നൈനാൻ ജോൺ. | മിസസ്. എസ്. ജോണി & മിസസ്. എം. വർഗീസ്.



പൊടിയമ്മ, കല്ലട. | അജോ.



(6–ാം പേജിൽനിന്നും തുടർച്ച)

## ധ്യാനപംക്തി

ച്ചിരുന്നുവെങ്കിൽ യൗസേഫിന്റെയും മറിയാമിന്റെയും നല്ല ഗുണങ്ങൾ ഇത്രയും മനോഹരമായി ശോഭിക്കുമായിരുന്നോ ബർകുറിയാ?

ബർകൂറിയാ: ഇല്ലായിരുന്നു കർത്താവേ! എനിക്കു പുതിയ ആലോചന തന്ന യേശുവിനു സ്തോത്രം. മാതാപിതാക്കന്മാരിലും സഹോദരീസഹോദരങ്ങളിലും പുരോഹിതന്മാരിലും വസിക്കുന്ന യേശുവിനെ കാണാതെ ഞാനവരെ പരിഹസിച്ചത് ഓർത്തു ഞാൻ ദുഃഖിക്കുന്നു. അതുപോലെ എത്രയോ ഭവനങ്ങളിൽ ആരെല്ലാം അന്യോന്യം പരിഹസിക്കപ്പെടുന്നു. അവരെല്ലാം തങ്ങളിലും മറ്റുള്ളവരിലും മറഞ്ഞിരിക്കുന്ന ദൈവത്തെ കണ്ടിരുന്നുവെങ്കിൽ ഇന്നു വീടുകളും പള്ളികളും പൊതുയോഗങ്ങളും കൊച്ചുകൊച്ചു സ്വർഗ്ഗങ്ങളാകുമായിരുന്നല്ലോ എന്നോർത്തു ഞാൻ ദുഃഖിക്കുന്നു. കർത്താവേ യൗസേഫിന്റെ സ്വഭാവം എനിക്കും തരേണമേ. യൗസേഫിന്റെ തെറ്റിദ്ധാരണകളുടേയും സംശയങ്ങളുടേയും പിരിമുറുക്കത്തിനിടയിൽ ആത്മഹത്യ ചെയ്യാതെ സത്യം വെളിപ്പെടുത്തുന്ന ദൈവത്തിൽ പ്രത്യാശ വച്ച മറിയമിന്റെ വിശ്വാസവും സഹനശക്തിയും എനിക്കും തരേണമെ. ഗബ്രിയേലിനെ വീണ്ടും യഥാസമയത്ത് യൗസേഫിന്റെ അടുത്തയച്ച കർത്താവേ! എന്റെ തെറ്റിദ്ധാരണകൾ മാറ്റാൻ എനിക്കും ദിവ്യദർശനം തരണമേ. വിദ്വാന്മാർക്ക് കിട്ടിയ ദർശനമനുസരിച്ച് മറുവഴിയായി മടങ്ങിപ്പോയി യേശുക്കുഞ്ഞിനെ ബഹുമാനിച്ചതുപോലെ (മത്താ. 2:12) കമ്മററിയിലും പൊതുയോഗത്തിലും, അടുക്കളയിലും, പീടികതിണ്ണയിലും പതിയിരിക്കുന്ന 'ഹേരോദാമാരെ' ഒഴിഞ്ഞുമാറി മറ്റുള്ളവരിലെ യേശുകുഞ്ഞിനെ ആദരിച്ചു വളർത്താൻ എന്നേയും സഹായിക്കേണമെ.

### തീരുമാനം

ഞാൻ ആരെയും പരിഹസിച്ച് ബന്ധനം മുറുക്കുകയില്ല. (യെശ. 28:22)

സ്വന്തം വിവേകത്തിൽ ഊന്നി ആരേയും വിധിക്കുകയില്ല. (സദൃ. 3:5)

മറ്റുള്ളവരെ എന്നേക്കാൾ ശ്രേഷ്ഠനായി എണ്ണും. (ഫിലി. 2:3)

മറ്റുള്ളവരിലെ യേശുക്കുഞ്ഞിനെ കണ്ടെത്തുന്നതുവരെ സത്യാന്വേഷണം തുടരും.

രാവും പകലും വചനം ധ്യാനിച്ച് ചെയ്യുന്നതൊക്കെ സാധിക്കുന്ന ഭാഗ്യവാനാകും ഞാൻ. (സങ്കീ. 1:2–3)

എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കുന്ന കർത്താവിനെ സ്നേഹിച്ച് വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കും.

(റോമർ. 8:28; 2 പത്രോസ്. 1:5–11)

അടുത്ത മാസത്തെ ധ്യാനവിഷയം കിട്ടുന്നതുവരെ ഇതെല്ലാം പ്രയോഗിച്ച് ഇടവിടാതെ കർത്താവിനെ സ്തുതിക്കാൻ ശ്രമിക്കും.

### ചിന്താവിഷയം:

മറിയാമിൽ രഹസ്യമായി ജനിച്ച യേശു തെറ്റിദ്ധരിക്കപ്പെട്ടപ്പോൾ അതു യേശുക്കുഞ്ഞിനും മറിയാമിനും യൗസേഫിനും നാം തോറും വഹിക്കാനുള്ള കുരിശുകളെ സമ്മാനിച്ചു.

### സ്വയപരിശോധന:

ഇടുങ്ങിയ ജീവപാതയിൽ നടക്കുമ്പോൾ ആരു കുരിശു പണിതു തന്നാലും സ്തോത്രത്തോടെ അതെടുത്തു നടക്കാൻ എനിക്കു കഴിയുന്നുണ്ടോ?

—o—

---

## സ്വീകരണം നൽകി

തമിഴ്നാട് ഗവർണ്ണർ ഡോ. പി. സി. അലക്സാണ്ടർക്ക് എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക സ്വീകരണം നൽകി. അഭിവന്ദ്യ തേയോഫിലോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ പക്കോമിയോസ് തിരുമേനി, ജസ്റ്റീസ് കെ. ജോൺ മാത്യു, എന്നിവർ പ്രസംഗിച്ചു. മലങ്കരസഭ അതിന്റെ മഹത്തായ പാരമ്പര്യവും ധന്യമായ പൗരാണികതയും കാത്തുസൂക്ഷിക്കണമെന്ന് ഡോ. പി. സി. അലക്സാണ്ടർ തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. ട്രസ്റ്റി റ്റി. തോമസ് പള്ളിവക പാരിതോഷികം ഗവർണ്ണർക്കു നൽകി. ഫാ. ജോസഫ് വെണ്ടറപ്പിള്ളി സ്വാഗതവും ഫാ. ഒ. വി. ഏലിയാസ് കൃതജ്ഞതയും പറഞ്ഞു.

## സൺഡേസ്കൂൾ

മുളന്തുരുത്തി ഡി. സൺഡേസ്കൂൾ അദ്ധ്യാപക സെമിനാർ തുരുത്തിക്കര മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് ചാപ്പലിൽ നടത്തി. ഫാ. ടി. തോമസ് ക്ലാസ്സെടുത്തു. ഫാ. കെ. ജെ. കുര്യാക്കോസ്, ഫാ. തോമസ്, എസ്. കെ. അടൂർ, ജോൺ വർഗീസ്, പൗലോസ് എന്നിവർ നേതൃത്വം നൽകി.

—o—

## ഏലിയാ കത്തീഡ്രലിൽ ധ്യാനം

ഡിസംബർ 29, 30, 31 തീയതികളിൽ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് ത്രിദിന ഉപവാസധ്യാനയോഗങ്ങൾ നടത്തുന്നതാണ്. ദിവസവും പകൽ 9 മണി മുതൽ 3 വരെയുള്ള ധ്യാനയോഗങ്ങൾക്ക് ഫാ. സി. ഒ. ജോർജ് ഫാ. ഇ. കെ. ജോർജ്, പോൾ സിനിരാജ് മുഹമ്മദ് എന്നിവർ നേതൃത്വം നല്കും.

## വാർഷിക കോൺഫറൻസ്

വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ 80–ാമതു വാർഷിക കോൺഫറൻസ് ഡിസംബർ 28 മുതൽ ജനുവരി 1 വരെ തീയതികളിൽ കോഴിക്കോട് സെ. ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടത്തപ്പെടുന്നതാണ്.

സഭയിലെ മേലദ്ധ്യക്ഷന്മാരും പണ്ഡിതന്മാരും ക്ലാസ്സുകൾ നയിക്കും. കൂടാതെ ഇതര സഭകളിൽ നിന്നുള്ള പ്രശസ്തരായ വ്യക്തികളും ചർച്ചകൾക്ക് നേതൃത്വം നൽകും.

'എന്നിൽ വസിപ്പിൻ' എന്നതാണ് കോൺഫറൻസിന്റെ ചിന്താവിഷയം. കൂടുതൽ വിവരങ്ങൾക്ക് ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടുക.

## യുവജനപ്രസ്ഥാനം

യുവജനപ്രസ്ഥാനം ആലപ്പുഴ ഡി. സമ്മേളനം അനാരി സെ. ജോൺസ് പള്ളിയിൽ നടത്തി. ഫാ. പി. റ്റി. ദാനിയേൽ, ഫാ. പി. പീലിപ്പോസ്, ഫാ. ജോർജ് പനയ്ക്കാമറ്റം, ഫാ. എം. കെ. മത്തായി, ഫാ. സി. എ. ഐസക്, വർഗീസ് മാത്യു, ജോർജ് എം. ചെറിയാൻ എന്നിവർ നേതൃത്വം നൽകി.

## പ്രഭാഷണം നടത്തി

വൈദികസെമിനാരി തിയോളജിക്കൽ അസോസ്യേഷന്റെ ആഭിമുഖ്യത്തിൽ 'ഗ്രൂപ്പ് ഡൈനാമിക്സ്' എന്ന വിഷയത്തെപ്പറ്റി ഡോ. പോൾ സി. വർഗീസ് പ്രഭാഷണം നടത്തി. സെമിനാരി ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ ഫാ. റ്റി. ജെ. ജോഷ്വാ അദ്ധ്യക്ഷത വഹിച്ചു.

## പരിശീലന ക്ലാസ്

കോട്ടയം സെൻട്രൽ ഭദ്രാസന അദ്ധ്യാപക പരിശീലന ക്ലാസ് നവംബർ 6 മുതൽ 8 വരെ സോഫിയാ സെൻററിൽ നടത്തി. പ. കാതോലിക്കാ ബാവാ ക്ലാസ് ഉദ്ഘാടനം ചെയ്തു. ഫാ. റ്റി. ജെ. ജോഷ്വാ പ്രസംഗിച്ചു. സി. വി. ജോർജ് കോറെപ്പിസ്കോപ്പാ, ഫാ. എം. റ്റി. കുര്യൻ, ഫാ. ഡോ. എം. എ. മത്തായി, ഫാ. ഡോ. ജേക്കബ് കുര്യൻ. ഫാ. ജോൺ വർഗീസ്, പി. യു. ജോർജ്, റ്റി. വി. കുര്യൻ എന്നിവർ നേതൃത്വം നല്കി.

## ബേസിൽ അസോസ്യേഷൻ

പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് സെ. ബേസിൽ അസോസ്യേഷന്റെ വാർഷിക കോൺഫറൻസ് ഒക്ടോബർ 19 മുതൽ 22 വരെ കോളജ് ഓഡിറ്റോറിയത്തിൽ നടത്തി. 'യേശു ഏകവഴി' എന്നതായിരുന്നു ചിന്താവിഷയം. മാർ തേയോഫിലോസ്, മാർ യൗസേബിയോസ് എന്നീ തിരുമേനിമാരും, ഫാ. മാത്യു വൈദ്യൻ, ഫാ ഒ. തോമസ്, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഫിലിപ്പ് മാത്യു. ഡോ. റ്റി. എ ജോർജ്, പ്രൊ. റ്റി. റ്റി. ദാനിയേൽ, പ്രൊ. ഡി. മാത്യൂസ്, പ്രൊ. ജേക്കബ് ജോൺ, പ്രൊ. സജി മാത്യു എന്നിവരും ക്ലാസുകൾക്ക് നേതൃത്വം നൽകി.

## മർത്തമറിയം സമാജം

ചെങ്ങന്നൂർ ഭദ്രാസന മർത്തമറിയം സമാജം വാർഷികം ഡിസംബർ 11–ാം തീയതി ഞായറാഴ്ച പുത്തൻകാവ് കത്തീഡ്രലിൽ മാർ യൗസേബിയോസ്, മാർ അത്താനാസിയോസ് എന്നീ തിരുമേനിമാരുടെ നേതൃത്വത്തിൽ നടത്തി.

## ഏകദിനസമ്മേളനം

വാഴൂർ ഗ്രൂപ്പ് മർത്തമറിയം വനിതാ സമാജത്തിന്റെ ഏകദിനസമ്മേളനം ഫാ. പി. എം. വർഗീസിന്റെ അദ്ധ്യക്ഷതയിൽ നെടുമാവ് സെ. പോൾസ് പള്ളിയിൽ വച്ച് നടന്നു. ഫാ. മാത്യു മാത്യു, ബേബി വർഗീസ് എന്നിവർ പ്രസംഗിച്ചു.

## ചെങ്ങന്നൂർ ഭദ്രാസനം

ചെങ്ങന്നൂർ ഭദ്രാസന പൊതുയോഗം തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ബഥേൽ അരമനയിൽ ചേർന്ന് ഫാ. കെ. ഒ. ഫിലിപ്പിനെ ഭദ്രാസന സെക്രട്ടറിയായും, മിഖായേൽ ഗബ്രിയേൽ എബ്രഹാം കോറെപ്പിസ്കോപ്പാ, ഫാ. ജോൺ ദാനിയേൽ, കെ. ജി. ഉമ്മൻ, ടി. വൈ. സാമുവൽ. ഒ. എം. പുന്നൂസ്, വി. സി. തോമസ് എന്നിവരെ കൗൺസിൽ അംഗങ്ങളായും തിരഞ്ഞെടുത്തു.



# ബൈബിൾ പഠനം

ഡീ. എം. സി. ചെറിയാൻ

**പാഠം 70**

**പ്രാർത്ഥന. കൂദാശകൾ**

വിജയിയുടെ പേരും വിലാസവും

പി. വി. അച്ചാമ്മ
എം. ബി. സി. ഹോ.
മഞ്ഞപ്ര P. O.
പാലക്കാട്

### ശരിയായ ഉത്തരം

1. 7 സന്ധ്യ, സൂത്താറാ, പാതിരാത്രി, പ്രഭാതം, മൂന്നാംമണി, ആറാംമണി.
2. 2 സന്ധ്യ, പ്രഭാതം
3. 3 സന്ധ്യ, പ്രഭാതം, ഉച്ച
4. 2 സ്ലീബാ, ക്യംതാ
5. 6 ഒമ്പതാം ഒഴികെ ആറു യാമപ്രാർത്ഥനകൾ
6. 2 മാമോദീസാ, കുമ്പസാരം
7. 7 വിവാഹിതനായ പുരോഹിതൻ 7 കൂദാശകളും സ്വീകരിക്കുന്നു.
8. 4 വി. കുർബാന, കുമ്പസാരം, വിവാഹം, തൈലാഭിഷേകം.
9. 3 മാമോദീസാ, മൂറോൻ, പട്ടത്വം
10. 3 മാമോദീസാ, മൂറോൻ, വി. കുർബാന

### പാഠം 70
### വിജയികളുടെ പേരും വിലാസവും

1. എ. വി. അച്ചാമ്മ, മഞ്ഞപ്ര
2. അന്നമ്മ യോഹന്നാൻ, ഇരവിപേരൂർ
3. നിർമ്മല മേരി, തോട്ടപ്പുഴ
4. ലീനാ എബ്രഹാം, പേരൂർക്കട
5. ഏലിയാമ്മ വറുഗീസ്, വാഴൂർ
6. ഏലിയാമ്മ പൗലോസ്, ചെല്ലങ്കോട്
7. അച്ചാമ്മ പീറ്റർ, വാഴൂർ
8. റ്റി. ജി. സ്കറിയാ, തുമ്പമൺ
9. റേച്ചൽ ചാക്കോ, മല്ലപ്പള്ളി
10. വറുഗീസ് ജോൺ, തോട്ടപ്പുഴ
11. മോളി മാത്യൂസ്, നാരങ്ങാനം
12. റീനാ ശാമുവേൽ, ചെങ്ങമനാട്
13. സഖറിയ പനയ്ക്കാമറ്റം
14. പുഷ്പാ ജോർജ്, കോയിപ്രം
15. കെ. വി. സ്കറിയാ, തോട്ടപ്പുഴ
16. കെ. വി. തോമസ്, ഖരഗ്പൂർ
17. ഷേർളി മേരി തോമസ്, കൊറ്റനാട്
18. മെറീനാ ജോൺ, ട്രിച്ചി
19. രാജാ ജോയി തരകൻ, പാറ്റ്നാ
20. സാറാമ്മ തോമസ്, മലാട്
21. ജോർജ് മുതലാളി, കൊച്ചി
22. ജി. കുട്ടി, ചെങ്ങമനാട്
23. പൊന്നമ്മ തോമസ് അഹമ്മദാബാദ്
24. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ
25. പൗലോസ് വി. എം. അഞ്ചുകുന്ന്
26. സാറാമ്മ കുറിയാക്കോസ്, കല്ലിശ്ശേരി
27. ജിജി മത്തായി, ചെങ്ങമനാട്
28. പി. ഡി. അമ്മിണി, കുന്നംകുളം
29. സി. വി. പാപ്പച്ചൻ, ,,
30. തോമസ് മത്യു, ഭോപ്പാൽ
31. ശോശാമ്മ തോമസ്, കടങ്ങന്നൂർ
32. ജോർജ് പി. മത്യു, കല്ലിശ്ശേരി
33. കോശി മത്തായി. നന്ദിനി
34. ഡാർളി കോശി. ,,
35. ജെയിംസ് മാത്യു, മൂവാറ്റുപുഴ

ബൈബിൾ പഠനപംക്തിയിലെ അവസാനത്തെ പാഠത്തിന്റെ ഉത്തരവും വിജയികളുടെ പേരും താഴെ ചേർക്കുന്നു. ഒന്നിലധികം തെറ്റു വരുത്തിയവരാണധികവും. അവസാനത്തെ പാഠമാകയാൽ ഉത്തരം അയച്ചവരെ എല്ലാം വിജയികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു. തെറ്റു വരുത്തിയവർ മാസികയിലെ ഉത്തരം അനുസരിച്ച് വന്ന തെറ്റുകൾ തിരുത്തുമല്ലോ.

അടുത്ത ലക്കം മുതൽ ബൈബിൾ സമ്പർക്ക പദ്ധതി ആരംഭിക്കുന്നതാണ്. ആദ്യം ബൈബിളിലെ പുസ്തകങ്ങൾ' എന്നതായിരിക്കും. ഓരോ പുസ്തകത്തെ സംബന്ധിച്ചും എന്താണും

## ഓർമ്മപ്പെരുന്നാൾ

കോട്ടയം പഴയസെമിനാരി സ്ഥാപകൻ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ നവംബർ 24, 25 തീയതികളിൽ പഴയസെമിനാരിയിൽ കൊണ്ടാടി.

## 60-ാം ശ്രാദ്ധപ്പെരുന്നാൾ

വാകത്താനം വള്ളിക്കാട്ടു ദയറായിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായുടെ 60-ാം ശ്രാദ്ധപ്പെരുന്നാൾ ഡിസംബർ 11 മുതൽ 17 വരെ തീയതികളിൽ വിവിധ പരിപാടികളോടുകൂടി വള്ളിക്കാട്ടുദയറായിൽ കൊണ്ടാടുന്നതാണ്.

11-ാം തീയതി മുതൽ എല്ലാ ദിവസവും രാവിലെ വി. കുർബാനയും വൈകിട്ട് സന്ധ്യാനമസ്കാരം, സംഗീതസായാഹ്നം, സുവിശേഷ പ്രസംഗം എന്നിവയും ഉണ്ടായിരിക്കും. 11-ാം തീയതി ചർച്ച് ക്വിസ് മത്സരം നടത്തും. 17-ാം തീയതി പ. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബാനയും തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തും. 2 മണിക്ക് പ്രദക്ഷിണം, ആശീർവാദം എന്നിവയ്ക്കുശേഷം വസ്ത്രദാനം, ബൈബിൾ വിതരണം എന്നിവയും ഉണ്ടായിരിക്കും.

## യാത്രയയപ്പ്

കണിയാമ്പറ സെ. ജോർജ് ഓർത്തഡോക്സ് പള്ളിയിൽനിന്നും ഒല്ലൂർ ഓർത്തഡോക്സ് പള്ളിയിലേക്ക് സ്ഥലം മാറിപ്പോകുന്ന ഫാദർ പുന്നൂസ് മോടിശ്ശേരിക്ക് ഒക്ടോബർ 30-ാം തീയതി വി. കുർബാനയ്ക്കുശേഷം വികാരി ഫാ. തോമസ് പി. യോഹന്നാന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം യാത്രയയപ്പു നൽകി. ഫാ. ജോർജ് വർഗീസും മേരി ഫിലിപ്പും പ്രസംഗിച്ചു. സെക്രട്ടറി ജോർജ് സ്വാഗതവും ട്രസ്റ്റി ഫിലിപ്പ് നന്ദിയും പറഞ്ഞു. ഇടവകയുടെ പാരിതോഷികം മി. ഷെപലി ഫാദർ പുന്നൂസിന് നൽകി. ഫാ. പുന്നൂസ് സമുചിതമായി മറുപടി പറഞ്ഞു.

## ഫാ. ജോർജ് ജേക്കബ്

മലേഷ്യൻ ഇടവക വികാരി ആയിരുന്ന ഫാ. ജോർജ് ജേക്കബിന് യാത്രയയപ്പു നൽകി. ഇടവക വകയായി നടത്താൻ ഉദ്ദേശിക്കുന്ന 'Day care centre' ന്റെ ഉദ്ഘാടനവും നടത്തി. ഗവൺമെന്റിൽനിന്ന് മൂന്നു ലക്ഷം രൂപാ ഇതിനു ലഭിച്ചു.

## ഫാ. വെണ്ടറപ്പിള്ളി അഡ്മിനിസ്ട്രേറ്റർ

ഫാ. ജോസഫ് വെണ്ടറപ്പിള്ളിയെ കൊച്ചി ഭദ്രാസന അഡ്മിനിസ്ട്രേറ്ററായി പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് നിയമിച്ചു.

## ഓർഗനൈസിംഗ് സെക്രട്ടറി

കോട്ടയം ഭദ്രാസന മിഷൻ ബോർഡിന്റെയും ഭദ്രാസന പ്രാർത്ഥനാ സമാജങ്ങളുടെയും ഓർഗനൈസിംഗ് സെക്രട്ടറിയായി പോറസിനാരാജ് മുഹമ്മദിനെ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ നിയമിച്ചിരിക്കുന്നു. ഫാ. ഇ. കെ. ജോർജ് ഇഞ്ചക്കാട്ട് ആണ് ചീഫ് ഓർഗനൈസർ.

—o—

---

ഉത്തരങ്ങൾ കണ്ടുപിടിക്കുന്നത് പഠനത്തിനു സഹായകരമായിരിക്കും.

ബൈബിൾ സമ്പർക്ക പദ്ധതിക്ക് രണ്ടു മാർഗങ്ങളാണുള്ളത്. ആദ്യത്തേത് സ്വയം പഠിക്കുക. രണ്ടാമത് പഠനപംക്തിയിൽ ചേരുക. സ്വയം പഠിക്കുക എന്നതിൽ, ബൈബിളിലെ പുസ്തകങ്ങളുടെ പേര് ക്രമത്തിനു പഠിക്കുക. നിർദ്ദേശിക്കുന്ന ഭാഗം വേഗത്തിൽ എടുക്കുക. പുസ്തകത്തിന്റെ മുൻപും പിൻപുമുള്ള പുസ്തകങ്ങളുടെ പേരു പറയുക. പറയുന്നത് ശരിയോ തെറ്റോ എന്ന് വേഗത്തിൽ തീരുമാനിക്കുക എന്നിവയാണ്.

പഠനപംക്തിയിൽ മാസികയിൽ വരുന്ന ചോദ്യങ്ങളുടെ ഉത്തരം അയച്ചുതരുക. അതോടൊപ്പം നിർദ്ദേശിക്കുന്ന ഭാഗത്തുനിന്ന് ഓരോ ദിവസം ലഭിക്കാവുന്ന അത്രയും ചോദ്യവും ഉത്തരവും കണ്ടുപിടിച്ച് ശേഖരിക്കുക. പഠനപംക്തിയുടെ അവസാനത്തിൽ ബൈബിൾ സംബന്ധിച്ച് എല്ലാവരും സ്വന്തമായി ഓരോ പുസ്തകത്തിന്റെ (ചോദ്യം ഉത്തരം) ഉടമകളാകുക എന്നതാണ്.

പഠിക്കുവാനുള്ള താത്പര്യവും സഹനശക്തിയും ബൈബിളിനെപ്പറ്റിയുള്ള താത്പര്യവും പ്രാർത്ഥനയും പുതിയ സംരംഭത്തെ വിജയിപ്പിക്കും എന്നു പ്രത്യാശിക്കാം.

എല്ലാവരുടേയും പ്രാർത്ഥനയും സഹകരണവും നിർദ്ദേശവും പ്രതീക്ഷിക്കുന്നു.

നിർദ്ദേശങ്ങൾ Dn. M.C. Cherian, Orthodox Student Centre, Trivandrum-1 695001 എന്ന വിലാസത്തിൽ അയയ്ക്കുക.

—o—

# THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM—686 038

FOR FAVOURS RECEIVED



Dr. Anitha John
Kuttemperoor

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Rev. [illegible]